കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ഷൊർണ്ണൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി22/2009/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: -17-11-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ഷൊർണ്ണൂർ നഗരസഭ

സർ,

വിഷയം : ഷൊർണ്ണൂർ നഗരസഭ - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷൊർണ്ണൂർനഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4. ഓഫീസ് പകർപ്പ്

നം. കെ.എസ്.എ-പികെഡി-22/2009/2017 തിയ്യതി:17-11-2017

## പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1-1-2017 മുതൽ 18-10-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017മുതൽ 30-10-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ. എസ്.എച്ച്.ഷർഫുദ്ദീൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.എസ്.അനില | ഓഡിറ്റർ |
| ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർ പേഴ്സൺ | ശ്രീമതി.വി.വിമല ടീച്ചർ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.സജി.എൽ.എസ് | 1-4-2016 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വി.ഗോവിന്ദരാജ് | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ.പി.അബ്ദുൾ ഷുക്കൂർ | 1-4-2016 മുതൽ 31-3-2017 വരെ |
| പ്രൊജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.അബ്ദുൾ നാസർ.സി.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീജ.പി.എം | 1-4-2016 മുതൽ 31-3-2017 വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.മധുസൂദനൻ നായർ | 1-4-2016 മുതൽ വരെ 31-5-2016 വരെ |
| | ശ്രീ.ഷാജി.യു.വി | 1-6-2016 മുതൽ 31-7-2016 & 26-09-2016 മുതൽ 10-11-2016 വരെ |
| | ശ്രീമതി. ഉഷാകുമാരി | 1-8-2016 മുതൽ 31-8-2016 വരെ |
| | ശ്രീമതി.ജുവൈനാ.പി.ഖാൻ | 1-9-2016 മുതൽ 25-09-2016 |
| | ശ്രീ.സി.ഫ്രാൻസിസ് വർഗ്ഗീസ് | 11-11-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-സർക്കാർ ആശുപത്രി | ഡോ.ജോർജ്ജ് മരിയൻ കുറ്റിക്കാട്ട് | 1-4-2016 മുതൽ 22-7-2016 വരെ |
| | ഡോ.അശ്വതി പുരുഷോത്തം | 22-7-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ISM | ഡോ.സുമി പൗലോസ് | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| ഹെൽത്ത് ഓഫീസർ | ശ്രീ.ആർ.ജയകുമാർ | 1-4-2016 മുതൽ 29-7-2016 വരെ |
| | ശ്രീ.ടി.കെ.മോഹനൻ | 30-7-2016 മുതൽ 31-3-2017 വരെ |
| പട്ടിജാതി വികസന ഓഫീസർ | ശ്രീ.വേലായുധൻ.സി | 1-4-2016 മുതൽ 14-2-2017 വരെ |
| | ശ്രീമതി.സിമ്മി.കെ.ഇ | 15-2-2017 മുതൽ 31-3-2017 വരെ |
| പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ | ശ്രീ.മുത്തലീഫ്.എ | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധ പത്രിക | 1-11 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തനത് ഫണ്ട് കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ നഗരസഭയ്ക്ക് പലിശയിനത്തിൽ നഷ്ടം | 2-1 |
| 2 | രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പിൽ അപാകം | 2-2 |
| 3 | നഗരസഭയിലെ വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല – നികുതി നഷ്ടം തുടരുന്നു | 2-3 |
| 4 | വസ്തുനികുതി നിർണ്ണയം - അനർഹമായ ഇളവ് നൽകിയത് പരിശോധിക്കേണ്ടതാണ് | 2-4 |
| 5 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-5 |
| 6 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-6 |
| 7 | വിനോദ നികുതി വരുമാനത്തിലുണ്ടാകുന്ന നഷ്ടത്തിന് പരിഹാരം കാണുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ് | 2-7 |
| 8 | പരസ്യ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-8 |
| 9 | ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി അവശേഷിക്കുന്നു-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-9 |
| 10 | നഗരസഭയുടെ ആസ്തികളിൽ നിന്നുള്ള വരുമാനം ഉറപ്പു വരുത്തേണ്ടതാണ് | 2-10 |
| 11 | വാടക അടിയന്തിരമായി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് | 2-11 |

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി ചെലവ് കുറയ്ക്കേണ്ടതാണ് | 3-1 |
| 2 | പൊതുടാപ്പുകൾ കുറവു ചെയ്ത് ബാധ്യത കുറയ്ക്കേണ്ടതാണ് | 3-2 |
| 3 | കണ്ടിജന്റ് പെൻഷൻ ഫണ്ട് - ചട്ടങ്ങൾ പാലിക്കുന്നില്ല | 3-3 |

| | | |
|---|---|---|
| 4 | മുൻകുറുകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ് | 3-4 |
| 5 | ജൈവി പച്ചക്കറി കൃഷി പദ്ധതി നടപ്പിലായില്ല-32000 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-5 |
| 6 | ഔഷധിയിൽ നിന്നും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 3-6 |
| 7 | മുനിസിപ്പൽ എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ഇ-ടെണ്ടർ ഫോറങ്ങളുടെ വില നഗരസഭയ്ക്ക് കൈമാറേണ്ടതാണ് | 3-7 |
| 8 | മുനിസിപ്പൽ എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ് | 3-8 |
| 9 | ജല അതോറിറ്റിയിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് | 3-9 |
| 10 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3-10 |
| 11 | കുളപ്പുള്ളി-ഷൊർണ്ണൂർ ഫുട്പാത്ത് നിർമ്മാണം - പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമാക്കിയില്ല | 3-11 |
| 12 | വിവിധ പ്രൊജക്റ്റുകൾ പ്രകാരമുള്ള ഇ-ടെണ്ടർ ഫോറങ്ങളുടെ വില നഗരസഭയിലേക്ക് ഒടുക്കേണ്ടതാണ് | 3-12 |
| 13 | സേവാഗ്രാം കേന്ദ്രങ്ങളിലേക്കായി വാങ്ങിയ കസേരകൾ പ്രയോജനപ്പെടുത്തിയില്ല | 3-13 |
| 14 | ആവശ്യകത വിലയിരുത്താതെ തെരുവു വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ് | 3-14 |
| 15 | മുനിസിപ്പൽ എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം | 3-15 |
| 16 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി-വാങ്ങിയ മേശയും കസേരയും മുഴുവനും വിതരണം ചെയ്തില്ല | 3-16 |
| 17 | ഇ.എം.എസ് ഭവന നിർമ്മാണം-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 3-17 |
| 18 | വീട് റിപ്പയർ (എസ്.സി)- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 3-18 |
| 19 | ഇ.എം.എസ് ഭവന നിർമ്മാണം (ജനറൽ) – പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 3-19 |

| | | |
|---|---|---|
| 20 | ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണം- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 3-20 |
| 21 | പി.എം.എ.വൈ - ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 3-21 |
| 22 | ആശ്രയ ഭവന നിർമ്മാണം(ജനറൽ)-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 3-22 |
| 23 | ആശ്രയ ഭവന നിർമ്മാണം (എസ്.സി.പി)2016-17- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 3-23 |
| 24 | മിച്ചമുള്ള കേന്ദ്ര വിഹിതം ഉപയോഗിച്ച് അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ് | 3-24 |
| 25 | WBNP (Wheat Based Nutrition Programme) പ്രകാരം അങ്കണവാടികളിൽ ഗോതമ്പ്എത്തിച്ചതിൽ കുറവ്-കൂടുതൽ അന്വേഷണം ആവശ്യപ്പെടുന്നു | 3-25 |
| 26 | സ്വച്ഛ് ഭാരത് മിഷൻ(അർബൻ) ODF പ്രവർത്തനങ്ങളുടെ അവലോകനം | 3-26 |
| 27 | ICLS (ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ പ്രോഗ്രാം) - പദ്ധതി നടത്തിപ്പിന്റെ അവലോകനം | 3-27 |
| 28 | IHSDP- പദ്ധതി അവലോകനം | 3-28 |
| 29 | എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-29 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29-2-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 133,78,82,860 രൂപയും ചെലവ് 117,86,59,860 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 25-8-2017 | - | - |

വാർഷിക കണക്കുകൾ നിയമാനുസൃത സമയ പരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 63689400.53 |
| വരവ് | 154834614 |
| ആകെ | 218524014.53 |
| ചെലവ് | 149766779 |
| നീക്കിയിരിപ്പ് | 68757235.53 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷത്തെ അലോട്ട് മെന്റ് | തൻവർഷ വരവ് | ചെലവ് | ചെലവഴി ക്കാതി രുന്ന തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 47883259 | 23349824 | 23349824 | 24533435 |
| വികസനഫണ്ട് എസ്.സി.പി | 0 | 43062346 | 18486089 | 18486089 | 24576257 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 16466417 | 5776395 | 5776395 | 10690022 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 12036900 | 6847713 | 6847713 | 5189187 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 51334010 | 28591363 | 28591363 | 22742647 |
| പെർഫോ മൻസ് ഗ്രാന്റ് | 0 | 25864962 | 6143338 | 6143338 | 19721624 |
| ബി ഫണ്ട് (നേരിട്ട് ചെലവഴി ച്ചത് ) | 0 | 53202491 | 53202491 | 53202491 | 0 |
| IHSDP | 39153478 | 1800527 | 40954005 | 0 | 40954005 |
| ILCS | 624409 | 19042 | 643451 | 0 | 643451 |
| അയ്യങ്കാളി പദ്ധതി | 1851799 | 43000 | 1894799 | 0 | 1894799 |
| സ്വച്ഛ് ഭാരത് | 3248473 | 0 | 3248473 | 1077949 | 2170524 |
| പി.എം. ഏ.വൈ * | 0 | 12093138 | 12093138 | 7711361.90 | 4381776.10 |

*പി.എം.ഏ.വൈ പദ്ധതി പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (അക്കൗണ്ട് നം. 3588024271, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഷൊർണ്ണൂർ)

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|
| 291 | 248738370 | 156 | 89194722 | 37 | 98 | 36 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 54% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 36 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 4583000 | 2568404 | 56 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 3584432 | 2330525 | 65 |
| പ്രൊജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 12 | 10 | 14857000 | 10340000 | 70 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 6775000 | 4006381 | 59 |
| സെക്രട്ടറി | 14 | 14 | 4560149 | 4427419 | 97 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 215 | 90 | 183048561 | 48029125 | 26 |
| മെഡിക്കൽ ഓഫീസർ-സർക്കാർ ആശുപത്രി | 3 | 3 | 1199656 | 1028870 | 86 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 1094122 | 1094122 | 100 |
| ഹെൽത്ത് ഓഫീസർ | 8 | 6 | 6628950 | 1906326 | 29 |
| പട്ടിജാതി വികസന ഓഫീസർ | 9 | 7 | 20347500 | 11535550 | 57 |
| പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ | 6 | 4 | 2060000 | 1928000 | 94 |
| ആകെ | 291 | 156 | 248738370 | 89194722 | 36 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 25016361 | 23446558 | (-)1569803 | (-) 6.28 |
| നികുതിയേതര വരവുകൾ | 14764728 | 9581331 | (-)5183397 | (-)35.11 |
| ആകെ | 39781089 | 33027889 | (-)6753200 | (-)17 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെ മടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 12 | 9 | 3 | കാലതാമസം വരുത്തി യിട്ടില്ല |
| 2 | തൊഴിൽ രഹിത വേതനം | 7 | 3 | 4 | |
| 3 | വിധവാ പെൻഷൻ | 148 | 143 | 5 | |
| 4 | വികലാംഗ പെൻഷൻ | 49 | 45 | 4 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 18 | - | |
| 6 | വാർദ്ധക്യകാല പെൻഷൻ | 628 | 586 | 40 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 24584 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമായില്ല. | | | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/2009 | 2004 -05 | 9-1-2010 | - |

# 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തനത് ഫണ്ട് കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ നഗരസഭയ്ക്ക് പലിശയിനത്തിൽ നഷ്ടം

നഗരസഭയുടെ തനത് ഫണ്ട് വരുമാനം നിക്ഷേപിക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഷൊർണ്ണൂർ ബ്രാഞ്ചിൽ ഒരു അക്കൗണ്ട് നിലവിലുണ്ട്. അക്കൗണ്ട് നമ്പർ 10347491171(കറണ്ട് അക്കൗണ്ട്). കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ട്. ദേശസാൽകൃത ബാങ്കിലെ എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് പകരം പലിശ രഹിത കറണ്ട് അക്കൗണ്ടിൽ തുക നിക്ഷേപിച്ചു വരുന്നതിനാൽ നഗരസഭയ്ക്ക് പലിശ ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. ഇതിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 10/24.10.2017 നുള്ള മറുപടിയിൽ നഗരസഭയുടെ ക്യാഷ് ട്രാൻസാക്ഷൻ ബാങ്ക് നിശ്ചയിച്ചിട്ടുള്ള പരിധിയേക്കാൾ അധികരിക്കുന്നതിനാൽ കറണ്ട് അക്കൗണ്ട് മാത്രമെ ഓപ്പൺ ചെയ്യാൻ കഴിയുകയുള്ളൂ എന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് ഫണ്ട് ദേശസാൽകൃത ബാങ്കിലെ എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും, നഗരസഭയ്ക്കുണ്ടാവുന്ന പലിശനഷ്ടം ഇല്ലാതാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പിൽ അപാകം

നഗരസഭയുടെ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ, ഉപയോഗിക്കുന്ന രശീതികളുടെ വിവരം മുഴുവനായും വരവു വെച്ച് വിനിയോഗ നീക്കിയിരിപ്പ് വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ലെന്ന് കണ്ടെത്തി. സ്റ്റോക്കിലെടുക്കുന്ന രശീതി ബുക്കുകൾ ഫ്രണ്ട് ഓഫീസിലെ ക്യാഷ് സെക്ഷനിലേക്ക് കൈമാറുകയും അവിടെ നിന്നും ബിൽ കളക്ടർമാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും കൈമാറുന്നതിനാൽ രണ്ട് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.10/24.10.2017) മറുപടിയിൽ രശീതി പുസ്തകങ്ങളുടെ വിനിയോഗം സ്റ്റോർ വിഭാഗത്തിൽ നിന്നും മാത്രമായി പരിമിതപ്പെടുത്തുന്ന താണെന്നും രശീതി ബുക്കുകളുടെ വിനിയോഗ നീക്കിയിരിപ്പ് വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-3 നഗരസഭയിലെ വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല - നികുതി നഷ്ടം തുടരുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ (സ.ഉ.(അ) നമ്പർ 100/2013/ തസ്വഭവ തിയതി 15.03.2013) എന്നിവ അനുസരിച്ച് ഷൊർണ്ണൂർ നഗരസഭയിലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### എ. അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

വസ്തുനികുതി നിർണ്ണയത്തിനായി ഷൊർണ്ണൂർ നഗരസഭയെ 24 വാർഡുകളാക്കി വിഭജിച്ചിട്ടുണ്ട്. നഗരസഭയുടെ 21.04.2012 ലെ 14-ാം നമ്പർ തീരുമാനം, 16.06.2012 ലെ 1-ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ആവശ്യമായ മറ്റ് നോട്ടിഫിക്കേഷനുകളും നടത്തിയിട്ടുണ്ട്.

### ബി. തുടർ പ്രവർത്തനങ്ങൾ

നഗരസഭാ പ്രദേശത്തെ വാർഡുകളിൽ നമ്പർ പതിക്കുന്നതിനും വിവരം ശേഖരിക്കുന്നതിനുമായി കുടുംബശ്രീ പ്രവർത്തകരേയും പ്രവർത്തനങ്ങൾ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി

27.07.2012 ലെ ആർ1-3610/11 നം. ഉത്തരവ് പ്രകാരം നഗരസഭാ ജീവനക്കാരേയും ചുമതലപ്പെടുത്തുയിട്ടുണ്ട്. 22.11.12 ലെ ആർ 1-3610/11 നം. ഉത്തരവ് പ്രകാരം കെട്ടിട ഉടമകൾ പൂരിപ്പിച്ച് നല്കിയ ഫോം 2 തരം തിരിക്കുന്നതിന് മുഴുവൻ ജീവനക്കാരേയും നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ മുഖേന ഏകീകരിച്ച രീതിയിൽ നമ്പർ പ്ലേറ്റുകൾ പതിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുള്ള വിവരം സെക്രട്ടറിയുടെ 28-11-2013 ലെ ആർ1/3610/2011 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി പരിഷ്കരണത്തിന്റെ തുടർ നടപടികൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു.

സി. ഡാറ്റാ എൻട്രിയുടെ പുരോഗതി

2013-14-ൽ നഗരസഭാ പരിധിയിലുള്ള 18356 കെട്ടിടങ്ങളുടെ ബേസ് ഡാറ്റയുടെ ഡാറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ഫോറം 6 തയ്യാറാക്കുന്നതിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തുന്നതിലും യാതൊരുവിധ പുരോഗതിയും ഉണ്ടായിട്ടില്ലെന്ന് താഴെ പറയുന്ന കണക്കുകൾ സൂചിപ്പിക്കുന്നു.

| ഘട്ടം | എണ്ണം |
|---|---|
| ഫോറം 6 തയ്യാറാക്കി കൃത്യത ഉറപ്പാക്കാത്തത് | 9018 |
| ഫോറം 6 ന്റെ ഡാറ്റാ എൻട്രി ആരംഭിച്ചത് | 5034 |
| നാളിതുവരെ അംഗീകരിച്ച ഫോറം 6 ന്റെ എണ്ണം | 520 |
| പരിശോധനാ ഘട്ടത്തിലുള്ളത് - റവന്യ ഇൻസ്‌പെക്ടർ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ | 2192 |
| അംഗീകരിക്കുവാനുള്ളത് - സെക്രട്ടറി | 1592 |
| ആകെ | 18356 |

49% കെട്ടിടങ്ങളുടെ ഫോറം 6 നാളിതുവരെ തയ്യാറാക്കിയിട്ടില്ല. 27% കെട്ടിടങ്ങളുടെ ഫോറം 6 ന്റെ ഡാറ്റാ എൻട്രി ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ആകെ 3% ഫോറം 6 മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. 2192 എണ്ണം ഫോറം 6 പരിശോധനാ ഘട്ടത്തിലാണ്. 1592 എണ്ണം സെക്രട്ടറിയുടെ അംഗീകാരത്തിനായി സർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകരിച്ചിട്ടില്ല. ഫോറം 6 പരിശോധിക്കുന്നതിനായി നിലവിൽ ആരേയും ചുമതലപ്പെടുത്തിയതിന് രേഖകളില്ല.

ഡി. ഒഴിവാക്കലുകൾ നടക്കുന്നില്ല

സ.ഉ (എം.എസ്)നം.144/15/തസ്വഭവ തിയതി 27-4-2015, സ.ഉ(എം.എസ്) നം. 358/15/തസ്വഭവ തിയതി 16-12-2015 പ്രകാരം 60 $m^2$ ൽ താഴെ മാത്രം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി 396 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന്മേൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ട്.

## ഇ. പഴയ കെട്ടിടങ്ങളുടേയും പുതിയ കെട്ടിടങ്ങളുടേയും നികുതി പരിഷ്കരണം

സ.ഉ(എം.എസ്)നം.371/11/തസ്വഭവ തിയതി 2-12-2013 പ്രകാരം പുതിയ നികുതി ദായകർക്ക് 14-1-2011 മുതലും നിലവിലുള്ളവർക്ക് 1-4-2013 മുതലും ബാധകമായിരിക്കുമെന്ന് സ്പഷ്ടീകരണം സർക്കാർ നൽകിയിട്ടുണ്ട്. പുതിയതായി നിർമ്മാണം പൂർത്തിയാക്കുന്നതും പുതിയതായി കൂട്ടിച്ചേർത്തൽ വരുത്തുന്നതും പരാതികളുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നതുമായ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണത്തിനായി സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്താത്ത സ്ഥിതിയാണുള്ളത്. പുതിയതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി മാന്വലായി നിർണ്ണയിച്ച് അദർ റസീപ്റ്റ് ഹെഡിൽ സാംഖ്യയിൽ വരവ് വെക്കുകയും പന്നീട് അതാത് ഹെഡിലേക്ക് മാറ്റുകയുമാണ് നിലവിൽ ചെയ്തു വരുന്നത്.

## എഫ്. വസ്തു നികുതി കുടിശ്ശിക

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം | 2000821 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 1617239 |
| ആകെ | 3618060 |

മുനിസിപ്പൽ ഫണ്ടിന്റെ സാമ്പത്തിക നില ആശാവഹമല്ലാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഓഡിറ്റ് നിർദ്ദേശം

1. എല്ലാ കെട്ടിടങ്ങളുടേയും ഫോറം 6 തയ്യാറാക്കുന്നതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകേണ്ടതാണ്.
2. കൃത്യത ഉറപ്പാക്കിയ ഫോറം 6 ന്റെ ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
3. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം 6 ന്റെ കൃത്യത ഉദ്യോഗസ്ഥർ സമയബന്ധിതമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിനായി ഉദ്യോഗസ്ഥരെ രേഖാമൂലം ചുമതലപ്പെടുത്തേണ്ടതാണ്.
4. സെക്രട്ടറി ഫോറം 6 പരിശോധിച്ച് സമയബന്ധിതമായി അംഗീകരിക്കേണ്ടതും പുതുക്കിയ വസ്തു നികുതി ബാധകമാക്കി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.
5. നിലവിലുള്ള വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ വൻ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. സോഫ്റ്റ്‌വെയർ മുഖേനയാണ് കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കേണ്ടതാണ് എന്നിരിക്കെ അപ്രകാരമല്ലാതെ നികുതി നിർണ്ണയിക്കുന്നത് ചട്ടത്തിന് എതിരാണ്. ആയതിനാൽ അടിയന്തിരമായി ഇക്കാര്യത്തിൽ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.11/24.10.17നുള്ള മറുപടിയിൽ 2014-15-ൽ വാർഡ് ഡീലിമിറ്റേഷനിൽ നഗരസഭയിലെ 24വാർഡുകൾ എന്നത് 33 വാർഡുകൾ ആക്കി മാറ്റിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ വാർഡുകളിലെ മുഴുവൻ കെട്ടിടങ്ങളുടേയും സ്ഥല പരിശോധന നടത്തി ഫോറങ്ങളിൽ ആവശ്യമായ മാറ്റങ്ങളോടെ ഡാറ്റാ എൻട്രി നടത്തി അംഗീകരിക്കുന്നതും നികുതി പരിഷ്കരണം 31.03.18 നകം കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതുമാണ് എന്നും നഗരസഭ മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി നിർണ്ണയം - അനർഹമായ ഇളവ് നൽകിയത് പരിശോധിക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അനർഹമായ ഇളവുകൾ നല്കിയിരിക്കുന്നതായി കണ്ടെത്തി.

| കെട്ടിട ഉടമയുടെ പേര്, മേൽവിലാസം | വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, പേജ് നം. | തറ വിസ്തീർണ്ണം (ച.മീ) | അപാകത | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി തുക | അനർഹമായി നൽകിയ ഇളവ് |
|---|---|---|---|---|---|---|
| ദി വാച്ച് ടവർ ബൈബിൾ ട്രാക്ട് സൊസൈറ്റി ഓഫ് ഇന്ത്യ | ആർ3-വോള്യം 6, 155 | 146.45 | 100ച.മീ-ൽ താഴെയുള്ള സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചു | 11277 | 8056 | 3221 |
| ശിവകുമാർ, പണ്ടാരത്തിൽകളം, കൊണ്ടയൂർ, | ആർ3-വോള്യം 6, 168 | 232.36 | പ്രാഥമിക മേഖലയിലുൾപ്പെട്ട | 3625 | 3323 | 302 |

| | | | | | | |
|---|---|---|---|---|---|---|
| പല്ലൂർ പി ഒ, ദേശമംഗലം | | | | | | |
| നാരായണൻ കെ, കയറാട്ടുതൊടി വീട്, കവളപ്പാറ | ആർ3-വോള്യം 6, 178 | 155.20 | കെട്ടിടത്തിന് ദ്വിതീയത്തിലുൾപ്പെട്ട ഇളവു നൽകി | 2422 | 2221 | 201 |
| സരസ്വതി, കരുമാങ്കുഴി വീട്, കവളപ്പാറ | ആർ3-വോള്യം 6, 188 | 135.27 | | 2110 | 1935 | 175 |
| ശശീന്ദ്രൻ, കോട്ടക്കളം വീട്, കല്ലിപ്പാടം, ഷൊർണ്ണൂർ | ആർ3-വോള്യം 6, 188 | 96.92 | | 1260 | 1134 | 126 |
| ആകെ | | | | | | 4025 |

ചട്ടപ്രകാരമുള്ള നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ മേൽകെട്ടിടങ്ങളുടെ വസ്തുനികതി മാന്വലായിട്ടാണ് നിർണ്ണയിച്ചിരിക്കുന്നത്. സോഫ്റ്റ്‌വെയർ മുഖേനയാണ് കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കേണ്ടത് എന്നിരിക്കെ അപ്രകാരമല്ലാതെ നികുതി നിർണ്ണയിക്കുന്നത് ചട്ടത്തിന് എതിരാണ്. ആയതിനാൽ അടിയന്തിരമായി നികുതി പരിഷ്കരണം പൂർത്തീകരിച്ച് മേൽ കെട്ടിടങ്ങളുടെ നികുതിയിനത്തിലെ നഷ്ടം ഈടാക്കുന്നതിനുള്ള നടപടി കൈക്കോള്ളേണ്ടതുമാണ്. ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ച മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 24/26-10-2017)

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭ രേഖാമൂലം സമർപ്പിച്ച കണക്കനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിട്ടുള്ള 17 മൊബൈൽ ടവറുകളാണ് നഗരസഭാ പരിധിയിലുള്ളത്. വർഷങ്ങളോളം നികുതി കുടിശ്ശിക വരുത്തിയ ടവർ ഉടമകളുണ്ടെന്ന് കണക്കുകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ ടവർ നം. | ടവർ നടത്തുന്ന ഏജൻസി | ഈടാ ക്കേണ്ട വാർഷിക വസ്തു നികുതി | നികുതി കുടിശ്ശി കയായ വർഷം |
|---|---|---|---|---|
| 1 | 4/96A | എസ് ആർ ടെലികോം ഇൻഫ്രാസ്ട്രക്ചർ | 10060 | 2016-17 |
| 2 | 4/178A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാടിവട്ടം, കൊച്ചി | 9991 | 2016-17 |
| 3 | 7/169C | എ ടി സി ടെലികോം ഇൻഫ്രാസ്ട്രക്ചർ, ഇടപ്പള്ളി, കൊച്ചി | 20312 | 2011-12 |
| 4 | 8/115A | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 689 | 2013-14 |
| 5 | 8/114A | മാനേജർ, എസ്റ്റേറ്റ്സ് ഐഡിയ മൊബൈൽ, കൊക്കാല, തൃശ്ശൂർ | 1066 | 2009-10 |
| 6 | 8/13D | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാടിവട്ടം, കൊച്ചി | 22420 (പുതുക്കിയ നിരക്ക്) | 2015-16 |
| 7 | 9/94K | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, പാലാരിവട്ടം, കൊച്ചി | 10020 (പുതുക്കിയ നിരക്ക്) | 2016-17 |
| 8 | 9/179A | എസ്സാർ ടെലിഫോൺ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, കലൂർ, കൊച്ചി | 14040 | 2017-18 |
| 9 | 11/251E | എസ്സാർ ടെലിഫോൺ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, കലൂർ, കൊച്ചി | 1521 | കുടിശ്ശിക ഇല്ല. എന്നാൽ പുതുക്കിയ നികുതി ഈടാക്കി യിട്ടില്ല |
| 10 | 13/255A | ഡിവിഷണൽ എഞ്ചിനീയർ, ബിഎസ് എൻ എൽ, മൊബൈൽ ടവേഴ്സ് | 19500 | |
| 11 | 16/130A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാടിവട്ടം, | 9990 | 2016-17 |

| | | | | |
|---|---|---|---|---|
| | | കൊച്ചി | | |
| 12 | 18/339B | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 1531 | 2009-10 |
| 13 | 21/234A | വയർലെസ്സ് ടി ടി ഇൻഫോ സർവീസ് | 510 | 2009-10 |
| 14 | 24/41A | ഭാരത് സെല്ലുലാർ ലിമിറ്റഡ് | 1002 | 2014-15 |
| 15 | 20/168B1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാടിവട്ടം, കൊച്ചി | 9048 (പുതുക്കിയ നിരക്ക്) | 2016-17 |

മേൽപ്പറഞ്ഞ 15 മൊബൈൽ ടവറുകളിൽ മൂന്നെണ്ണത്തിന്റെ മാത്രം വസ്തുനികുതിയാണ് പുതുക്കിയ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നത്.

എ. മൊബൈൽ ടവറുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടും വസ്തു നികുതി ചുമത്തിയില്ല

പെർമിറ്റ് അനുവദിച്ചിട്ടുള്ളതും വസ്തുനികുതി നിർണ്ണയിക്കാത്ത 7 മൊബൈൽ ടവറുകൾ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ടവറുകൾ എന്നു മുതൽ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു എന്നത് വ്യക്തമാക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

വസ്തുനികുതി നിർണ്ണയിച്ച മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക സഹിതം ഈടാക്കാത്തതിനാലും പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാക്കി നിലവിൽ പ്രവർത്തിച്ചു വരുന്ന 7 ടവറുകളുടെ നികുതി നാളിതുവരെ നിർണ്ണയിച്ച് ഈടാക്കാത്തതിനാലും വരവിനത്തിൽ നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം നഗരസഭാ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കേണ്ടതുമാണ്.

നികുതിയിനത്തിലെ നഷ്ടം ഒഴിവാക്കുന്നതിനായി നിലവിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ടവറുകളുടേയും വസ്തു നികുതി 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്കനുസൃതമായി പരിഷ്കരിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനാവശ്യമായ അടിയന്തിര

നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 2/20-10-2017 നള്ള മറുപടിയിൽ ടവറിന്റെ ഉടമകൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും നാളിതുവരെ ആയതിന്മേൽ മറുപടി ലഭ്യമാകാത്തതിനാൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്

# 2-6 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2016-17 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

| തസ്തിക, പേര് | ഒന്നാം അർദ്ധ വർഷത്തെ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | രണ്ടാം അർദ്ധ വർഷത്തെ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| സാധിക, ഓവർസിയർ | 85242 | 750 | 74061 | 600 |
| അബ്ദുൾ റസാക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 62370 | 600 | 86724 | 750 |
| ദേവദാസ്, ആംബുലൻസ് ഡ്രൈവർ | 71258 | 600 | 82931 | 750 |
| രാധാകൃഷ്ണൻ, ആംബുലൻസ് ഡ്രൈവർ | 71258 | 600 | 82931 | 750 |
| അനിൽ കെ, ഡ്രൈവർ | 90376 | 750 | 79214 | 750 |
| ആകെ | | 3300 | | 3600 |

ജീവനക്കാരിൽ നിന്നും ഡിമാന്റ് ചെയ്യാതിരുന്ന 6900 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2.ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷികകണക്ക് പ്രകാരമുള്ള വരവ് താഴെ ചേർക്കുന്നു.

| | ജീവനക്കാരുടെ തൊഴിൽനികുതി | ട്രേഡേഴ്സിന്റെ തൊഴിൽനികുതി |
|---|---|---|
| വാർഷിക കണക്ക പ്രകാരം | 6955522 | 1064970<br>(992380 തൻവർഷം + 72590 കുടിശ്ശിക) |

ഓരോ സ്ഥാപനത്തിന്റെയും ജീവനക്കാരുടെ വാർഷിക വരുമാനം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ രേഖപ്പെടുത്തുന്നതിനു പകരം ഒരു സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ ആകെ തൊഴിൽ നികുതിയാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ട്രേഡേഴ്സിന്റെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധ വർഷം | രശീതി നം. |
|---|---|---|
| ഹോണ്ടാ ടൂ വീലർ സെയിൽസ് & സർവീസസ് | II | 119/11841/ 29.06.17 |
| അബ്ദുൾ റസാക്ക്, ഹാപ്പി ബേക്കറി | II | 80/8509/13.03.17 |
| നൗഷാദ്, എ എം ബി ഫാൻസി സ്റ്റോർ | II | 69/6806/20.02.17 |
| ഹോട്ടൽ മാപ്പ്സ് റസിഡൻസി | II | 63/6273/09.02.17 |
| ജിയോജിത്ത് ഫിനാൻഷ്യൽ സർവീസസ് | II | 135/13449/ 18.09.17 |

ഇക്കാരണങ്ങളാൽ വാർഷിക കണക്കുപ്രകാരമുള്ള തൊഴിൽ നികുതിയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പു വരുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. തൊഴിൽനികുതി രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി നഗരസഭാ പരിധിയിൽ തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

3. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എച്ച്.ഡി.എഫ്.സി ബാങ്ക്, ഷൊർണ്ണൂർ | II |
| 2 | ഹൈമ ലോഡ്ജ് | II |
| 3 | ബി.എസ്.എൻ.എൽ | I & II |
| 4 | റോയൽ ഓട്ടോ കൺസൽട്ടന്റ്സ് | II |
| 5 | സിറാജ് ഓട്ടോ സ്പെയേഴ്സ് | II |
| 6 | ടാക്ക് ഓൺ കൊറിയർ | II |
| 7 | റേഡിയന്റ് ഗ്രീൻ പവർ എനർജീസ് | II |
| 8 | ഗ്രാവിറ്റി കാർ ഡെക്കർ ഫെസ്റ്റ് | II |
| 9 | നന്ദനം സാനിട്ടറീസ് | II |
| 10 | പാണ്ടവത്ത് ഫിസിയോ തെറാപ്പി സെന്റർ | II |
| 11 | മെറ്റൽ ഇൻഡസ്ട്രീസ് | II |
| 12 | കാക്കനാട് ആയുർവേദ മരുന്ന് നിർമ്മാണം | II |
| 13 | കെ. പി ഇലക്ട്രിക്കൽസ് | II |
| 14 | കാർത്തിക ഓഡിറ്റോറിയം | II |
| 15 | കെ.പ്രശാന്ത്, കട്‌ലറി വർക്ക്സ് | II |
| 16 | പ്രകാശ് നമ്പൂതിരീസ് ഈവന്റ് മാനേജ്മെന്റ് | II |
| 17 | മുണ്ടമുക ക്ഷീരോത്പാദക സഹകരണസംഘം | II |
| 18 | വേൾഡ് വിഷൻ കേബിൾ ടി.വി | II |
| 19 | അൻജലാൽ സോമിൽ | II |
| 20 | ശ്രീ വിനായക ഓഫ് സെറ്റ് പ്രിന്റേഴ്സ് | II |
| 21 | ശങ്കർ സർജിക്കൽസ് | II |
| 22 | കെ.എ സമാജം ആശുപത്രി | II |
| 23 | രുഗ്മണി സാരീസ് & റെഡിമെയ്ഡ് ഷോപ്പ് | II |
| 24 | സുബൈദ ഗാർമെന്റ്സ് &റെഡിമെയ്ഡ്സ് | II |
| 26 | കുന്നത്ത് സ്റ്റോർ | II |
| 26 | ന്യൂ സൗന്ദര്യ ടൈലേഴ്സ് | II |
| 27 | ഒറ്റപ്പാലം കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി | II |
| 28 | ആര്യ ഹോട്ടൽ | II |
| 29 | അഹമ്മദ്, മാഹി സ്റ്റോർ | II |
| 30 | ടി എച്ച് നാസർ, ഫാഷൻ ഹൗസ് | II |

| | | |
|---|---|---|
| 31 | റാബിയ, മേനക ഫാൻസി | II |
| 32 | ബിസ്മി ബിരിയാണി സെന്റർ | II |
| 33 | സുനിൽ കാറ്ററിംഗ് സർവീസസ് | II |
| 34 | ഷാരോൺ ബ്രിക്ക്സ് | II |
| 35 | സെൻ കമ്പ്യൂട്ടേഴ്സ് | II |
| 36 | ഹോട്ടൽ കൈലാസം | II |
| 37 | പി. സി രാധാകൃഷ്ണൻ, ടാക്സ് കൺസൽട്ടന്റ് | II |
| 38 | ബിസ്മി ലാബ് | II |
| 39 | പി. മധുസൂദനൻ, ഹൈടെക് പ്രിന്റിംഗ് | II |
| 40 | പി.എ മാത്യൂസ്, പ്രൊഫണൽ കൊറിയർ സർവീസസ് | II |
| 41 | വാമനൻ, പെർഫക്ട് എന്റർപ്രൈസസ് | II |
| 42 | മാനേജർ, ഹാൻടെക്സ് | II |
| 43 | മാളൂട്ടി ടെക്സ്റ്റയിൽസ് | II |
| 44 | ഷൊർണ്ണൂർ കോ ഓപ്പറേറ്റീവ് ബാങ്ക് | II |
| 45 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ഷൊർണ്ണൂർ ബ്രാഞ്ച് | II |
| 46 | ജയതിലകൻ, ഷൊർണ്ണൂർ കുറീസ് | II |
| 47 | അഫ്സൽ ഫ്യൂവൽ ഗാർമെന്റ്സ് | II |
| 48 | ഫിർദൗസ് ഹോട്ടൽ | II |
| 49 | പ്രൊപ്രൈറ്റർ, ജനറൽ കുറീസ് | II |
| 50 | കേരള ആയുർവേദിക് ക്ലിനിക്ക് | II |
| 51 | മാനേജർ, എൽ ഐ സി ഓഫീസ്, ഷൊർണ്ണൂർ | II |
| 52 | സുനിൽകുമാർ, കാസിൽ ബിൽഡേഴ്സ് | II |
| 53 | ഹരിദാസ്, ആലിക്കൽ കളക്ഷൻസ് | II |
| 54 | മണപ്പുറം അസറ്റ് ഫിനാൻസ് | II |
| 55 | മുത്തൂറ്റ് ഫിൻകോർപ്പ് (വാർഡ് 8) | II |
| 56 | ഐശ്വര്യ ഫിനാൻസ് | II |
| 57 | മാനേജർ, ഡോ. ജെ ഫാമിലി ഡെന്റൽ ക്ലിനിക്ക് | II |
| 58 | റൺവേ ഹീറോ ടൂ വീലർ സെയിൽസ് | II |
| 59 | നാഷണൽ ഇൻഷൂറൻസ് കമ്പനി ബിസനസ്സ് സെന്റർ | II |
| 60 | അശോക ഹാർഡ് വെയർ | II |
| 61 | വൈഷ്ണവം ഹോം സ്റ്റേ | II |
| 62 | നിള റസിഡൻസി | II |

| | | |
|---|---|---|
| 63 | കുടുംബിനി സൂപ്പർ മാർക്കറ്റ് | II |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 5/23.10.2017 നുള്ള മറുപടിയിൽ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധിച്ച് ലഭ്യമാക്കുന്നതാണെന്നും അല്ലാത്തപക്ഷം തൊഴിൽ നികുതി പിഴ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
തൊഴിൽ നികുതി രേഖകൾ കൃത്യതയോടെ പരിപാലിക്കുന്നുണ്ടെന്നും നികുതി ഒടുക്കുവാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സെക്ഷനുകളുടെ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും നികുതി ചോർച്ച തടഞ്ഞ് നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തേണ്ടതുമാണ്.
ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-7 വിനോദ നികുതി വരുമാനത്തിലുണ്ടാകുന്ന നഷ്ടത്തിന് പരിഹാരം കാണുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന 4 സിനിമാ തിയേറ്ററുകളിൽ നിന്നായി വിനോദ നികുതി ഇനത്തിൽ 4805721 രൂപയുടെ വരവ് ഉണ്ടായിട്ടുണ്ട്. വിനോദ നികുതിയിനത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഉണ്ടായിട്ടുള്ള വരവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വിനോദ നികുതി വരവ് | |
|---|---|---|
| | ബഡ്ജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| 2015-16 | 5400000 | 3930301 |
| 2016-17 | 6000000 | 4805721 |

സർക്കാർ ഉത്തരവ് (എം.എസ്.)നം.123/2017/ത.സ്വ.ഭ.വ തിയ്യതി 24.06.2017 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വരുന്ന വിനോദ നികുതി 2017 ജൂലൈ ഒന്നു മുതൽ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ വിനോദ നികുതി പിരിവ് നിർത്തി വച്ചിട്ടുണ്ട്. വിനോദ നികുതി പിരിവ് നിലച്ചതിനാൽ നിലവിൽ നഗരസഭയുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുണ്ട്. ഈ വിഷയം ഉചിത മാർഗ്ഗേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇതിലൂടെ

നഷ്ടമാവുന്ന തുക നഗരസഭയ്ക്ക് ലഭിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഈ വിഷയത്തിന്മേൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
30-10-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

# 2-8 പരസ്യ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 207, 271, 272, 273, 274, 275, 276 എന്നിവ പ്രകാരമുള്ള പരസ്യ നികുതി പിരിവിന്റെ പുരോഗതിയിന്മേലുള്ള അവലോകനം നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എ. ഡാറ്റാ ബാങ്ക് തയ്യാറാക്കിയില്ല

സർക്കാറിന്റെ അംഗീകാരത്തോടു കൂടി പരസ്യ നികുതി നിരക്ക് നിശ്ചയിക്കുവാൻ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതും, പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിൽ കൊടുക്കുന്നതിനുള്ള ബൈലോ തയ്യാറാക്കേണ്ടതുമാണ്. ഓരോ വർഷവും നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ നമ്പർ, വലിപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഷൊർണ്ണൂർ നഗരസഭയിൽ അത്തരത്തിലുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ബി. ബൈലൊ പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല

പരസ്യ നികുതിയുടെ ബൈലോ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള കൗൺസിൽ തീരുമാന പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ മാതൃകാ ബൈലൊ അടിസ്ഥാനമാക്കിയാണ് നിലവിൽ നഗരസഭയിൽ പരസ്യ നികുതി പിരിവ് നടത്തുന്നത്. പരസ്യനികുതി കാലാനുസൃതം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും ഉണ്ടായിട്ടില്ല.

സി. പരസ്യനികുതി പിരിവ് – വിശകലനം

നഗരസഭ നേരിട്ടാണ് പരസ്യ നികുതി പിരിക്കുന്നത്. 2016-17 വർഷത്തിൽ 143500 രൂപ ഈയിനത്തിൽ വരവുണ്ടെങ്കിലും 127000 രൂപ നഗരസഭയുടെ അധീനതയിലുള്ള പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ടി.വി പരസ്യം, ഷോപ്പിംഗ് കോംപ്ലക്സിന്റെ മതിലിലെ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള ലേലം എന്നീ ഇനത്തിൽ ലഭ്യമായതാണ്. സിനിമാ തിയറ്ററുകളുടെ പോസ്റ്റർ പതിക്കുന്നതിന് പരസ്യ നികുതി ഈടാക്കിയിട്ടുണ്ട്. മറ്റ് പരസ്യങ്ങളിൽ നിന്നും നഗരസഭ നേരിട്ട് പിരിച്ചെടുത്ത തുക 16500 രൂപ മാത്രമാണ്. നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്കും നിയമാനുസൃതം പരസ്യ നികുതി ഈടാക്കുന്നില്ല എന്ന് വിലയിരുത്തുന്നു. പരസ്യ നികുതി പിരിവ് മുൻ

വർഷങ്ങളിലേതുമായി താരതമ്യം ചെയ്യുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | പരസ്യ നികുതി ഡിമാന്റ് | പരസ്യ നികുതി പിരിവ് | പിരിവിന്റെ പുരോഗതി മുൻവർഷവുമായി താരതമ്യം ചെയ്തത് |
|---|---|---|---|
| 2013-14 | 22300 | 22300 | ലേലം മുഖേനയാണ് പരസ്യ നികുതി പിരിവ് നടത്തിയത്. |
| 2014-15 | 18300 | 18300 | 2014-15 മുതൽ 2016-17 വർഷം വരെ നഗരസഭ നേരിട്ടാണ് പരസ്യ നികുതി പിരിവ് നടത്തിയത്. നേരിട്ടുള്ള പിരിവ് കാര്യക്ഷമമല്ലാത്തതിനാലാണ് പരസ്യ നികുതിയിൽ വർദ്ധനവുണ്ടാകാത്തത്. |
| 2015-16 | 20000 | 20000 | |
| 2016-17 | 16500 | 16500 | |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ബൈലോ തയ്യാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.,
2. നിയമം അനുശാസിക്കുന്ന പ്രകാരം പരസ്യ ബോർഡുകളുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി അടിസ്ഥാന തുക നിശ്ചയിച്ചതിനു ശേഷം പരസ്യ നികുതി പിരിവിനുള്ള ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. നഗരസഭാ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ നിയമത്തിലേയും, സർക്കാർ ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭാ അധികൃതർ ഉറപ്പാക്കേണ്ടതാണ്.

4. നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഓ ലൈസൻസ് നൽകുന്ന വേളയിൽതന്നെ സ്ഥാപനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്ന പരസ്യ ബോർഡിന് നിർദ്ദിഷ്ട നിരക്കനുസരിച്ച് പരസ്യ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

നഗരസഭയുടെ തനത്ഫണ്ട് നീക്കിയിരിപ്പ് നിലവിൽ വളരെയധികം കുറവായ അവസ്ഥയിലാണുള്ളത്. ആയതിനാൽ പരസ്യ നികുതിയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
30-10-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 2-9 ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി അവശേഷിക്കുന്നു-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ആരംഭിച്ച താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി അവശേഷിക്കുന്നുണ്ട്.

| ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.17-ലെ നീക്കിയിരിപ്പ് |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എം എൻ ലക്ഷം വീട് | 30698536690 | 386253 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബി ആർ ജി എഫ് | 30425655293 | 451234 |
| പഞ്ചാബ് നാഷണൽ ബാങ്ക് (ആണ്ടിക്കുന്ന് കുടിവെള്ള പദ്ധതി) | 4302001100000043 | 1709553 |
| എച്ച് ഡി എഫ് സി ബാങ്ക് (Sanitation programme) | 2348145600000046 | 752263 |

ഭരണസമിതി തീരുമാനത്തിന് വിധേയമായി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് ആന്വേഷണം നം. 4/21.10.17 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് അതാത് ഹെഡിലേക്ക് തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 നഗരസഭയുടെ ആസ്തികളിൽ നിന്നുള്ള വരുമാനം ഉറപ്പ് വരുത്തേണ്ടതാണ്

2016-17 വർഷത്തിൽ 5396150 രൂപ ചെലവഴിച്ച് നഗരസഭ ഒരു മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

<u>പ്രവൃത്തിയുടെ വിശദാംശം</u>

1) പ്രൊജക്ട് നം. :40/17

അടങ്കൽ : 3048000രൂ

ചെലവ് : 2944150 രൂ

2) പ്രൊജക്റ്റ് നം. :19/17

അടങ്കൽ : 2452000രൂ

ചെലവ് : 2452000 രൂ

ആകെ ചെലവ് : 5396150 രൂ
14 മുറികളുള്ള കെട്ടിടത്തിന്റെ നിർമ്മാണം 01/2017 ലാണ് പൂർത്തീകരിച്ചത്.

കെട്ടിടം വാടകയ്ക്ക് നൽകി നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനുള്ള ഓഡിറ്റ് അന്വേഷണം നം. 6/23.10.17 നുള്ള മറുപടിയിൽ ഏഴ് മുറികൾ ലേലം നടത്തിയതിൽ നാലെണ്ണം ഏറ്റെടുക്കുകയും മൂന്ന കടമുറികൾ ഏറ്റെടുക്കാൻ ആവശ്യക്കാർ ഇല്ലാത്തതിനാൽ ഒഴിഞ്ഞു കിടക്കുകയുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. മൂന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി പുനർ ലേലവും ഓഫറും നടത്തിയെങ്കിലും കടമുറികൾ ഏറ്റെടുക്കുന്നതിന് ആരും എത്താത്തതിനാൽ നിലവിലും ഇവ ഒഴിഞ്ഞു കിടക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഏഴ കടമുറികൾ പ്രസ്തുത സ്ഥലത്ത് ബാക്കി കെട്ടിട നിർമ്മാണത്തിനായി ഒഴിവാക്കുന്ന കച്ചവടക്കാർക്ക് അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
കടമുറികൾ ലേലം കൊണ്ട നാലുപേരിൽ 8/426(6)-ാം നമ്പർ കടമുറി ഒരു വർഷത്തേക്ക് ലേലം കൊണ്ട ശ്രീ. മുഹമ്മദ് ഷെരീഫ്, പി.കെ, പൂവക്കുഴിയിൽ വീട്, ചെറുതുരുത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കേണ്ട തുകയുടെ പകുതി തുകയായ 2,50,000 രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. ബാക്കി തുക ഒടുക്കി കരാർ ഉടമ്പടി ഒപ്പു വെക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം നടത്തി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊണ്ട് ഓഡിറ്റിനെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 2-11 വാടക അടിയന്തിരമായി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ താഴെപ്പറയുന്ന മുറികളിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| മുറി നം. | സ്ഥാപനം |
|---|---|
| 5 | ഫുഡ് സേഫ്റ്റി ഓഫീസ് |
| 9 | മൈനർ ഇറിഗേഷൻ, ഷൊർണ്ണൂർ |
| 8/401A | ബ്ലോക്ക്-II സെൻട്രൽ ട്രഷറി |
| 8/402 | വില്ലേജ് ഓഫീസ് I & II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/21-10-2017 നാ താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| മുറി നം. | സ്ഥാപനം | വിശദീകരണം |
|---|---|---|
| 5 | ഫുഡ് സേഫ്റ്റി ഓഫീസ് | നഗരസഭാ കാര്യാലയത്തിലാണ് കെട്ടിടം പ്രവർത്തിച്ചിരുന്നത്. 11.05.16 ന് തീപ്പിടുത്തത്തിൽ കെട്ടിടം കത്തി നശിച്ചതിനെ തുടർന്ന് താൽക്കാലിക സംവിധാനമായിട്ടാണ് കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുവാൻ തുടങ്ങിയതെന്നും നിലവിൽ വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 9 | മൈനർ ഇറിഗേഷൻ, ഷൊർണ്ണൂർ | നോട്ടീസ് അയച്ചിട്ടുണ്ട് |
| 8/401A | ബ്ലോക്ക്-II സെൻട്രൽ ട്രഷറി | |
| 8/402 | വില്ലേജ് ഓഫീസ് I & II | ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി ഭൂമി വിട്ടു നൽകിയതിനെ തുടർന്നുള്ള ധാരണകളുടെ അടിസ്ഥാനത്തിൽ കെട്ടിടം സൗജന്യമായി അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച ഫയലുകൾ ലഭ്യമല്ല. നടപടി സാധൂകരിക്കുന്നതിനായി കൗൺസിൽ പരിഗണനയ്ക്കായി ഉടൻ സമർപ്പിക്കുന്നതാണ്. |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ട്രഷറി ഓഫീസ് 03.04.99 മുതൽ 8/401-ാം നമ്പർ മുറിയിൽ പ്രവർത്തനം ആരംഭിക്കുകയും 30.09.97-ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ആദ്യ രണ്ടു വർഷക്കാലം നികുതി ഒഴിവാക്കിയിട്ടുള്ളതാണ്. ഓരോ വർഷവും 5% വെച്ച് വർദ്ധനവ് വരുത്തി വാടക ഈടാക്കുവാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. R2/9659/11 തീയതി 23.06.17 ലെ നോട്ടീസിൽ 4/01 മുതൽ 5/17 വരെയുള്ള വാടക കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| 4/01 മുതൽ 5/17 വരെയുള്ള 194മാസത്തിലെ വാടക | 401786 |
| പിഴപ്പലിശ | 341042 |
| സർവീസ് ടാക്സ് | 35142 |
| ആകെ | 777970 |

മേൽ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക സഹിതം അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി ചെലവ് കുറയ്ക്കേണ്ടതാണ്

പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള ഷൊർണ്ണൂർ നഗരസഭയിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റ പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി സംയുക്ത പരിശോധന നടത്തുവാൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. നിലവിൽ തെരുവു വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ രേഖകൾ പ്രകാരമുള്ള കൃത്യതയില്ലാത്ത കണക്കനുസരിച്ചാണ്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 748 | 61 | 45628 |
| 2 | സി.എഫ്.എൽ - 1x18 W | 186 | 12 | 2232 |
| 3 | സി.എഫ്.എൽ - 11 W | 67 | 7 | 469 |
| 4 | ഫ്ലൂറസന്റ് ട്യൂബ് - 40 W | 555 | 61 | 33855 |
| 5 | ഫ്ലൂറസന്റ് ട്യൂബ് - 2x40 W | 1000 | 124 | 124000 |
| 6 | സോഡിയംവേപ്പർലാമ്പ്-150W | 88 | 247 | 21736 |
| 7 | സോഡിയം വേപ്പർലാമ്പ്-100 W | 98 | 165 | 16170 |
| 8 | സോഡിയം വേപ്പർ ലാമ്പ്- 80W | 106 | 132 | 13992 |
| 9 | സോഡിയം വേപ്പർ ലാമ്പ്-70W | 30 | 116 | 3480 |
| 10 | സി.എഫ്.എൽ - 2x11 W | 554 | 14 | 7756 |
| ആകെ | | | | 269318 |

പ്രതിവർഷം ശരാശരി 32 ലക്ഷം രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ നഗരസഭ ഒടുക്കുന്നുണ്ട്.

ബി. നിലിവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും നഗരസഭ തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി സാധാരണ ലാമ്പുകൾക്ക് പകരം ട്യൂബ് ലൈറ്റുകളും സി.എഫ്.എല്ലും എൽ.ഇ.ഡി ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ സാധാരണ ലാമ്പുകളൊന്നും നിലവിലില്ലെന്ന് ഇതിൽനിന്നും അനുമാനിക്കാവുന്നതാണ്. ആയതിനാൽ വൈദ്യുതി ബോർഡ് 40 വാട്ടിന്റെ 748 സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ക്രമ പ്രകാരമല്ല. സംയുക്ത പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഓഡിറ്റ് സമയത്തും തുടർന്നു വരുന്നുണ്ട്. 2016-17 വർഷത്തിൽ വൈദ്യുതി ബോർഡ് 547536 രൂപ സാധാരണ ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

സി. മീറ്ററിംഗിനായി തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും മീറ്റർ സ്ഥാപിച്ചില്ല

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 12.08.13-ന് 831720രൂ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കാര്യക്ഷമമായ നടപടികളൊന്നും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. മീറ്ററിംഗ് നിലവിൽ വരുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടി വരുന്നത് ഒഴിവാകുന്നതാണ്. ആയതിനാൽ അടിയന്തിരമായി വൈദ്യുതി ബോർഡ് അധികൃതരുമായി ചർച്ച ചെയ്ത് പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

ഡി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനും അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 259/17-- തെരുവു വിളക്കുകൾക്ക് സാധന സാമഗ്രികൾ വാങ്ങൽ | 199998 | എം.ജി-നോൺ റോഡ് |
| 2 | 121/17-ഇലക്ട്രിക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1499970 | എം.ജി-നോൺ റോഡ് |

| | | | |
|---|---|---|---|
| 3 | 118/17-തെരുവു വിളക്ക് റിപ്പയർ (എഎംസി) | 590341 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത് ഫണ്ട് |
| 4 | പ്രൊ.നം. 259/16 (52/17) – എസ്.സി കോളനികളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | 4305759 | ജനറൽ |
| ആകെ | | 6596068 | |

2016-17 വർഷത്തിൽ 35 വാട്ടിന്റെ 35 ലാമ്പുകളും, 45 വാട്ടിന്റെ 1028 ലാമ്പുകളും, 70 വാട്ടിന്റെ 35 ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി ബോർഡിന്റെ കണക്കിൽ എൽ.ഇ.ഡി ലാമ്പുകളൊന്നും ഉൾപ്പെട്ടിട്ടില്ല എന്നത് ഗൗരവ പൂർവ്വം വീക്ഷിക്കേണ്ടതും അടിയന്തിരമായി പരിശോധിക്കേണ്ടതുമാണ്.

ഇ. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

താരതമ്യേന ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ഫ്ലൂറസന്റ് ലാമ്പുകളും ഒഴിവാക്കി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടതാണ്. എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. മീറ്ററിംഗ് നിലവിൽ വരുന്നതോടെ കൂടുതൽ നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

എഫ്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.
30-10-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 പൊതുടാപ്പുകൾ കുറവു ചെയ്ത് ബാധ്യത കുറയ്ക്കേണ്ടതാണ്

നഗരസഭയുടെ പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 840 പൊതു ടാപ്പുകൾ നിലവിലുണ്ട്. പ്രതിമാസം 551880 രൂപ വെള്ളക്കരമായി മുനിസിപ്പാലിറ്റി ഒടുക്കേണ്ടതുണ്ട്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് ഇല്ലാത്തതിനാൽ വെള്ളക്കരം ഒടുക്ക് കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.
മുനിസിപ്പൽ ഫണ്ടിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രതിമാസം ഒടുക്കേണ്ട തുക ഒടുക്കുവാൻ സാധിക്കാത്ത സ്ഥിതി നിലവിലുണ്ട്. 2016-17 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 698000 രൂപ വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 10.08.17 ലെ ഡിമാന്റ് ലെറ്റർ പ്രകാരം 6.9843564 കോടി രൂപ പിഴപ്പലിശയടക്കം നഗരസഭ ജല അതോറിറ്റിയിലേക്ക് അടവാക്കാനുണ്ട്. വെള്ളക്കരം കുടിശ്ശിക ഏതു കാലയളവ് മുതലാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാകുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണക്ക് കൃത്യമാക്കേണ്ടതും നിലവിലില്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ (എം.എസ്)നം.72/2017 /തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ

ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

4. കുടിശ്ശിക തുക ഘട്ടം ഘട്ടമായി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വെള്ളക്കരം അതാതുമാസം തന്നെ അടവാക്കി ഈയിനത്തിലെ പിഴ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. കുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് അദാലത്ത് നടത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

30-10-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടുന്നതാണെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 കണ്ടിജന്റ് പെൻഷൻ ഫണ്ട് - ചട്ടങ്ങൾ പാലിക്കുന്നില്ല

എ. കണ്ടിജന്റ് പെൻഷൻ ഫണ്ട് – പ്രധാന വ്യവസ്ഥകൾ

1996-ലെ കേരള മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രതിമാസ ശമ്പളത്തിന്റെ 15% തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതാണെന്നും ചട്ടം 8-ൽ ഇപ്രകാരം ഈടാക്കുന്ന തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വരവുവെക്കുന്നതിനായി ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 9-ൽ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ചട്ടം 9-3 പ്രകാരം പെൻഷൻ അനുവദിച്ച ഉത്തരവ് ഡയറക്ടർക്ക് ലഭ്യമായാൽ ആനുകൂല്യങ്ങൾക്കുള്ള തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും മുനിസിപ്പൽ സെക്രട്ടറിയ്ക്ക് ഡയറക്ടർ നൽകേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. ചട്ടം 10 പ്രകാരം പെൻഷൻ ഫണ്ട് ലഭ്യമായത് ട്രഷറിയിലോ നാഷണലൈസ്ഡ് ബാങ്കിലെ എസ്. ബി അക്കൗണ്ടിലോ വരവു വെയ്ക്കുന്നതിനും സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 11 പ്രകാരം കെ.എസ്.എ.ഡി ഡയറക്ടറുടെ പെൻഷൻ പേയ്മെന്റ് ഓർഡർ ലഭ്യമായതിനുശേഷം, പെൻഷൻ ഫണ്ട്, ഡയറക്ടറിൽ നിന്നും ലഭ്യമാക്കി 14 ദിവസത്തിനുള്ളിൽ ആനുകൂല്യം നൽകാനും എല്ലാ മാസവും ആദ്യ ആഴ്ചയ്ക്കുള്ളിൽ പെൻഷൻ

നൽകാനും നിർദ്ദേശിക്കുന്നുണ്ട്. ചട്ടം 11(4) പ്രകാരം ബന്ധപ്പെട്ട രജിസ്റ്ററുകളും ഫോറങ്ങളും സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ബി. പെൻഷൻ ഫണ്ട് സൂക്ഷിപ്പിൽ നഗരസഭ ചട്ടങ്ങൾ പാലിക്കുന്നില്ല

ഷൊർണ്ണൂർ നഗരസഭയിൽ കണ്ടിജന്റ് പെൻഷൻ ഫണ്ടിന്റെ സൂക്ഷിപ്പും വിതരണവും മേൽ ചട്ടങ്ങൾ അനുശാസിക്കും വിധമല്ല നടത്തി വരുന്നത്. ജീവനക്കാരുടെ വിഹിതവും മുനിസിപ്പാലിറ്റി വിഹിതവും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നില്ല. ശമ്പള ബില്ലിൽ നിന്നും കുറവു ചെയ്യുന്ന വിഹിതം നേരിട്ട് മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് വരവ് വെക്കുകയാണ് ചെയ്യുന്നത്. തുക അതാത് മാസം തന്നെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുന്നുമില്ല.

സി. നഗരസഭയുടെ പെൻഷൻ ഫണ്ട് അക്കൗണ്ടിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തിലെ ശമ്പള രജിസ്റ്റർ, പെൻഷൻ ഫണ്ട് അക്കൗണ്ട് എന്നിവ പ്രകാരമുള്ള പെൻഷൻ ഫണ്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ ജീവനക്കാരുടെ എണ്ണം | 36 |
| പെൻഷണർമാരുടെ എണ്ണം | 26 |
| അക്കൗണ്ട് നമ്പർ | TP 25 |
| മുൻ ബാക്കി | 65386 |
| തൻവർഷത്തെ വരവ് | 1379166 |
| ആകെ | 1444552 |
| തൻവർഷത്തെ ചെലവ് | 3852263 |

പെൻഷൻ നൽകുന്നതിനുള്ള അധിക തുക നിലവിൽ മുനിസിപ്പൽ ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. ആയത് നഗരസഭയ്ക്ക് അധികബാധ്യത സൃഷ്ടിക്കുന്നുണ്ട്.

ഡി. ഓഡിറ്റ് നിർദ്ദേശം

1996-ലെ കേരള മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ അനുശാസിക്കും വിധം പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 19/25-10-2017)

# 3-4 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ്

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഉദ്യോഗസ്ഥർ കൈപ്പറ്റിയ മുൻകൂറുകൾ

നാളിതുവരെ ക്രമീകരിച്ചിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തിയതി | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | തുക | മുൻകൂർ രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|
| 1 | 78/29.04.05 | പി.എസ്. സുരേഷ് മുൻസിപ്പൽ എഞ്ചിനീയർ | 6000 | 20 |
| 2 | 404/20.09.05 | പി.എസ്. സുരേഷ് മുൻസിപ്പൽ എഞ്ചിനീയർ | 8000 | 20 |
| 3 | 212/20.07.06 | എൻ. ലാലു, മുൻസിപ്പൽ സെക്രട്ടറി | 3406 | 20 |
| 4 | 538/05.12.08 | ഉണ്ണികൃഷ്ണൻ. ടി. വി മുൻസിപ്പൽ എഞ്ചിനീയർ | 20000 | 20 |
| 5 | 649/22.12.09 | കെ ഗോപാലകൃഷ്ണൻ, ഓവർസിയർ II | 15000 | 20 |
| 6 | 233/ .08.11 | വിനോദ് ബാലകൃഷ്ണൻ ജെ.എച്ച്.ഐ.II | 10000 | 20 |
| 7 | 502/ .11.11 | സജേഷ് മോൻ ജെ.എച്ച്.ഐ.II | 15000 | 21 |
| 8 | 837/ .03.12 | എം. ആർ. മുരളി ചെയർമാൻ | 15000 | 21 |
| 9 | 741/ .02.12 | സി. കാളി എൽ.ഡി. ക്ലാർക്ക് | 1000 | 21 |
| 10 | ലഭ്യമല്ല | കെ.വി. ഷീല യു.ഡി. ക്ലാർക്ക് | 5000 | 22 |
| 11 | 353/24.09.12 | കെ. എം. ഹമീദ് യു.ഡി. ക്ലാർക്ക് | 35000 | 22 |
| 12 | ലഭ്യമല്ല | വിനോദ് ബാലകൃഷ്ണൻ ജെ.എച്ച്.ഐ.II | 25000 | 22 |
| 13 | 143/17.06.14 | -ടി- | 15000 | 22 |
| 14 | 148/25.06.14 | സജേഷ് മോൻ ജെ.എച്ച്.ഐ.II | 5000 | 22 |
| 15 | 464/26.11.14 | വിനോദ് ബാലകൃഷ്ണൻ ജെ.എച്ച്.ഐ.II | 15000 | 23 |
| 16 | 517/16.12.14 | -ടി- | 5000 | 23 |
| 17 | 305/8.15.16 | സുധ. വി യു.ഡി. ക്ലാർക്ക് | 1300 | 23 |

| | | | | |
|---|---|---|---|---|
| 18 | 463/26.10.15 | വി. എം. ലാലച്ചൻ റവന്യൂ ഇൻസ്പെക്ടർ | 5000 | 23 |
| 19 | 208/29.06.16 | സുചിത്ര, ജെ എച്ച് ഐ | 5000 | 25 |
| 20 | 269/27.07.16 | മുരളീധരൻ പി, സീനിയർ ക്ലർക്ക് | 6000 | 26 |
| 21 | 358/06.09.16 | അയ്യപ്പൻ, ജെ എച്ച് ഐ | 5000 | 26 |
| 22 | 391/20.09.16 | രഞ്ജിത്ത്, ജെ എച്ച് ഐ | 3500 | 27 |
| ആകെ | | | 224206 | |

ക്രമീകരിക്കുവാൻ ബാക്കിയുള്ള മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 18/25-10-2017)

## 3-5 ജൈവ പച്ചക്കറി കൃഷി നടത്തിപ്പിലെ അപാകം-തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ :81/17
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
അടങ്കൽ : 2,15,000 (വികസനഫണ്ട്-200000, ഗുണഭോക്തൃ വിഹിതം-15000)
ചെലവ് :32,000
ബിൽ നമ്പർ/തിയ്യതി :7/31.03.2017

തൈകളുടെ വിതരണം, വിത്ത് വിതരണം, കൂലി ചെലവ് എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. തൈകളുടെ വിതരണ ത്തിനായി 32000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മറ്റ് പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതി നടത്തിപ്പിനായി ഗ്രീൻഫീൽഡ് നഴ്സറി, ആലിൻചുവട്, കുളപ്പുള്ളി എന്ന സ്ഥാപനത്തിൽ നിന്നും രണ്ടു രൂപ നിരക്കിൽ 20000 തൈകൾ വാങ്ങുന്നതിനായി ലക്ഷ്യമിടുകയും ആയതിനുള്ള 40000 രൂപയിൽ 32000 രൂപ വികസന ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം. 55/30.03.2017.

തൈകളുടെ വിതരണത്തിനായി കുടുംബശ്രീയുടെ കീഴിലുള്ള 300 യൂണിറ്റുകളെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

പദ്ധതിക്കായി ഭാഗികമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയതിന് യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തൈകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതിയിലുൾപ്പെടുത്തിയിരുന്ന മറ്റു പ്രവർത്തികളൊന്നും നടപ്പിലാക്കിയിട്ടുമില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. ഇക്കാരണങ്ങളാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക

ഓഡിറ്റിൽ നിരാകരിക്കുന്നു.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/24-10-2017 നുള്ള മറുപടിയിൽ തൈകൾ വിവിധ അയൽക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യുന്നതിനും വിതരണ സ്റ്റേറ്റ്മെന്റിൽ ഒപ്പിട്ടു വാങ്ങിക്കുന്നതിനും സി.ഡി.എസ് നെ ഏൽപ്പിക്കുകയും ആയത് പ്രകാരം തൈകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ടെന്നും ഒരു യൂണിറ്റിന് (100 തൈകൾ) 40 രൂപ വീതം ഗുണഭോക്തൃ വിഹിതമായി ശേഖരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുക നഗരസഭയിൽ അടയ്ക്കുവാൻ സി.ഡി.എസ് നോട് ആവശ്യപ്പെട്ടുവെങ്കിലും തുക നാളിതുവരെ അടച്ചിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. കടുത്ത വേനൽ മൂലം മുഴുവൻ യുണിറ്റുകളിലും 10 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിന് സാധിച്ചിട്ടില്ല എന്നും ആയതിനാലാണ് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കാതിരുന്നത് എന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഉത്പാദന മേഖലയിലെ ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ച വരുത്താതിരിക്കുവാൻ മോണിറ്ററിംഗ് ശക്തമാക്കേണ്ടതാണ്.

പദ്ധതി ലക്ഷ്യം കാണാതിരിക്കുകയും ചെലവ് രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുകയും പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം നഗരസഭയിൽ ഒടുക്കാതിരിക്കുകയും ചെയ്തതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 32000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഔഷധിയിൽ നിന്നും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി തൻവർഷം രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ ഔഷധിയിൽ നിന്നും ലഭിച്ച പല മരുന്നുകളും സ്റ്റോക്കിലെടുത്തിട്ടില്ല എന്നും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

1. പ്രോജക്റ്റ് നം./ പേര് : 77/17- ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ 2016-17

അടങ്കൽ : 8,00,000
ചെലവ് : 8,00,000
ബിൽ നം. തിയ്യതി : 1 / 30.11.16

ലഭ്യമായ മരുന്നുകളിൽ സ്റ്റോക്കിൽ എടുക്കാത്ത മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻ വോയ്സ് നം./ തിയ്യതി | പേര് | ഇൻ വോയ്സ് പ്രകാരം സ്റ്റോക്കി ലെ ടുക്കേണ്ട എണ്ണം | സ്റ്റോക്കി ലെടുത്ത മരുന്ന കളുടെ എണ്ണം | സ്റ്റോക്കി ലെടുക്കാൻ ബാക്കി യുള്ളത് | സ്റ്റോക്കി ലെടുക്കാൻ ബാക്കി യുള്ള മരുന്ന കളുടെ മൂല്യം |
|---|---|---|---|---|---|---|
| 1 | 4285/ 26.02.2017 | സപ്തസാരം കഷായം 200 ml | 50 | ഇല്ല. സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 200 | 50 | 50*62 =3100 |
| 2 | | ജഡാമയാധി ലേപചൂർണ്ണം | 10 | 7 സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 167 | 3 | 3*81 = 243 |

സ്റ്റോക്കിലെടുക്കാത്ത മരുന്നുകളുടെ മൂല്യ തുക 3343 രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ പറഞ്ഞ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വൃദ്ധർക്ക് ആയുർവേദ മരുന്ന് വാങ്ങൽ - അപാകതകൾ

എ. ഔഷധിയിൽ നിന്നും ഭാഗികമായി മാത്രം മരുന്നുകൾ ലഭ്യമായി

വൃദ്ധർക്ക് ആയുർവേദ മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം ഔഷധിക്ക് 294122 രൂപ മുൻകൂർ നൽകിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര് :318/17- വൃദ്ധർക്ക് ആയുർവേദ മരുന്ന് വാങ്ങൽ 2016-17
അടങ്കൽ : 2,94,122

ഔഷധിക്ക് നൽകിയത് : 2,94,122

ബിൽ നം. തിയ്യതി : 3/ 16-17, 24.03.17

മുൻകൂർ നൽകിയ തുകയിൽ ലഭ്യമാകാത്ത മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ |
|---|---|---|
| 294122 അക്കൗണ്ട് | 109809 രൂപ ഇൻവോയ്സ് നം. 90031783 | 184313 (294122 - 109809) |

| | | |
|---|---|---|
| ട്രാൻസ്ഫർ മുഖേന | തിയ്യതി. 28.08.2017 | |

184313 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. ലഭ്യമായ മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തില്ല

വൃദ്ധർക്ക് ആയുർവേദ മരുന്ന് വാങ്ങൽ 2016-17 എന്ന പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും വാങ്ങിയ താഴെ പറയുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തിയ്യതി | പേര് | ഇൻവോയ്സ് പ്രകാരം സ്റ്റോക്കിലെടുക്കേണ്ട എണ്ണം | സ്റ്റോക്കിലെടുത്ത മരുന്നുകളുടെ എണ്ണം | സ്റ്റോക്കിലെടുക്കാൻ ബാക്കിയുള്ളത് | സ്റ്റോക്കിലെടുക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം. |
|---|---|---|---|---|---|---|
| 1 | 90031783 28.08.2017 | അശ്വഗന്ധാരിഷ്ടം 450 ml | 115 | ഇല്ല. സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 121 | 115 | 115x67 =7705 രൂപ |
| 2 | | ധന്വന്തരം കഷായചൂർണം 1 കി.ഗ്രാം | 24 | 22 സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 143 | 2 | 2x146= 292 രൂപ |

സ്റ്റോക്കിലെടുക്കാത്ത മരുന്നുകളുടെ മൂല്യം 7997 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. മേൽ പറഞ്ഞ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 9/24-10-2017)

# 3-7 മുനിസിപ്പൽ എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില നഗരസഭയ്ക്ക് കൈമാറേണ്ടതാണ്

അഞ്ച് ലക്ഷത്തിനു മുകളിൽ അടങ്കലുള്ള വിവിധ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ മുനിസിപ്പൽ ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക ഒടുക്കിയതായും കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മുനിസിപ്പൽ എഞ്ചിനിയറുടെ അക്കൗണ്ടിന്റെ വിവരം

എസ്.ബി അക്കൗണ്ട് നമ്പർ. സി.എ-67283369974, SBTഷൊർണ്ണൂർ

1. 2016-17 വർഷം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ആകെ ലഭിച്ച ടെണ്ടർ ഫോറങ്ങളുടെ വില | ടെണ്ടർ തിയതി |
|---|---|---|---|---|---|
| 1 | 203/17-മാപ്പ് റസിഡൻസി റോഡ് ടാറിംഗ് | 600000 | 2 | 2400 | 23-1-2017 |
| 2 | 258/17-സേക്രഡ്ഹാർട്ട് കോളേജ് റോഡ് റീടാറിംഗ് | 700000 | 2 | 2800 | |
| 3 | 195/17-പാലാട്ട് റോഡ് റീടാറിംഗ് | 506000 | 2 | 2040 | |
| 4 | 35/17-കുളപ്പുള്ളി പബ്ലിക് അമിനിറ്റി സെന്റർ | 2000000 | 7 | 35000 | |
| 5 | 193/17-ടി.എം.എസ്.എൽ.പി സ്കൂൾ റോഡ് റീടാറിംഗ് | 800000 | 2 | 3200 | 3-2-2017 |
| 6 | 198/17-ഓൾഡ് എംപ്ലോയ്മെന്റ് റോഡ് റീടാറിംഗ് | 576000 | 2 | 2320 | |
| 7 | 202/17-കുണ്ടുകാടാ റോഡ് റീടാറിംഗ് | 700000 | 2 | 2800 | |
| 8 | 226/17-കണയം റോഡ് പാച്ച് വർക്ക് | 586000 | 2 | 2360 | |
| 9 | 254/17-പന്തലാക്കപറമ്പ് ഗ്രൗണ്ട് മുതൽ കറുപ്പൻപടി റോഡ് റീടാറിംഗ് | 1129000 | 2 | 5000 | |
| 10 | 165/17-ഗോപി മാസ്റ്റർ പടി റോഡ് മെറ്റലിംഗ് | 522000 | 2 | 2100 | |
| 11 | 212/17-ചോലക്കളം റോഡ് റീടാറിംഗ് | 870000 | 2 | 3500 | |
| 12 | 56/17-പള്ളിപുറയന്മാരിൽ | 966000 | 2 | 3880 | 14-2-2017 |

| | | | | | |
|---|---|---|---|---|---|
| | കോളനി റോഡ് | | | | |
| 13 | 178/17-നിള റോഡ് റീടാറിംഗ് | 750000 | 2 | 3000 | |
| 14 | 186/17-റസാഖ് വീട് റോഡ് നവീകരണം | 700000 | 2 | 2800 | |
| 15 | 187/17-കാക്കനാട് കാങ്കലത്ത് റോഡ് റീടാറിംഗ് | 918000 | 2 | 3680 | |
| 16 | 115/17-പാടങ്ങളിലെ റാമ്പ് | 600000 | 2 | 2400 | |
| 17 | 145/17-പിവിജെബി റോഡ് മെറ്റലിംഗ് | 728300 | 2 | 2920 | |
| 18 | 174/17-നെച്ചിക്കോട്ടു കോളനി റോഡ് | 800000 | 3 | 4800 | |
| 19 | 223/17-കുന്നത്താഴത്ത് പടി റോഡ് | 715000 | 3 | 4290 | |
| 20 | 230/17-പുറയം കുളങ്ങര തോപ്പ് റോഡ് | 1071200 | 2 | 5000 | 25-3-2017 |
| 21 | 246/17-പോസ്റ്റ് ഓഫീസ് റോഡ് ടൈൽസ് | 1000000 | 2 | 50000 | |
| 22 | 213/17-കോളനികളിൽ ഡ്രൈനേജ് | 650000 | 2 | 2600 | |
| 23 | 114/27-തോടുകളുടെ സംരക്ഷണം | 800000 | 2 | 3200 | |
| ആകെ | | | | 152090 | |

വാറ്റ് ഇനത്തിൽ ആകെ 7605 രൂപയും ഈടാക്കിയിട്ടുണ്ട്.

2. 2015-16 വർഷം

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത 36 പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയായി ഈടാക്കിയ 189681 രൂപയും വാറ്റ് ഇനത്തിൽ ഈടാക്കിയ 8984 രൂപയും മുനിസിപ്പൽ എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

അസി. എഞ്ചിനിയറുടെ അക്കൗണ്ടിന്റെ വിവരം - എസ്.ബി അക്കൗണ്ട് നമ്പർ. സി.എ-67283369974, SBTഷൊർണ്ണൂർ
ടെണ്ടർ ഫോറങ്ങളുടെ വില അടിയന്തിരമായി മുനിസിപ്പൽ ഫണ്ടിലേക്കും വാറ്റ് തുക സർക്കാരിലേക്കും ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 13/24-10-2017 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-8** മുനിസിപ്പൽ എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ്

2016-17 വർഷത്തിൽ 37 പ്രവൃത്തികളുടെ കരാറുകാർക്ക് ടാർ വാങ്ങി നൽകുന്നതിനായി ടാറിന്റെ വില കണക്കാക്കി 37 ബില്ലുകൾ പ്രകാരം ആകെ 6090048 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പിന്നീട് വിവിധ തിയതികളിൽ എച്ച്.പി.സി.എൽ, ഹിൻകോൾ എന്നീ കമ്പനികളുടെ അക്കൗണ്ടുകളിലേക്കും കൺവേയൻസ് ചാർജ്ജിനത്തിൽ ശ്രീ. ഉണ്ണികൃഷ്ണൻ എന്നയാളുടെ അക്കൗണ്ടിലേക്കും ആകെ 5813552 രൂപ മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക അനുവദിച്ച തിയതി | തുക | സ്ഥാപനം/വ്യക്തി |
|---|---|---|
| 8-3-2017 | 100 | |
| 10-3-2017 | 3971467 | എച്ച്.പി.സി.എൽ<br>എസ് 65 ബിറ്റുമിൻ |
| 19-4-2017 | 706158 | |
| 17-5-2017 | 9337 | |
| 8-3-2017 | 100 | ഹിൻകോൾ<br>ആർ.എസ്1, എസ്.എസ്.1 ബിറ്റുമിൻ |
| 10-3-2017 | 710343 | |
| 19-4-2017 | 217857 | |
| 17-5-2017 | 1503 | |
| 13-6-2017 | 196687 | ശ്രീ.ഉണ്ണികൃഷ്ണൻ<br>കൺവേയൻസ് |
| 13-6-2017 | 5813552 | |

ട്രഷറിയിൽ നിന്നും ആകെ 6090048 രൂപ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചതിൽ മേൽ സൂചിപ്പിച്ച പ്രകാരം 5813552 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 276496 രൂപ അധികമായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുനിസിപ്പൽ എഞ്ചിനിയറുടെ അക്കൗണ്ടിന്റെ വിവരം - എസ്.ബി അക്കൗണ്ട് നമ്പർ.

സി.എ-67283369974, SBTഷൊർണ്ണൂർ

തിരിച്ചടവിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 15/24-10-2017)

## 3-9 ജല അതോറിറ്റിയിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

ജല അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷനിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് താഴെ പറയും പ്രകാരം തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

| ഡെപ്പോസിറ്റ് ചെയ്ത വർഷം | പ്രവൃത്തികളുടെ എണ്ണം | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി | കുറിപ്പ് |
|---|---|---|---|---|---|
| 2014-15 | 12 | 12161525 | 7463189 | 4698336 | 8പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>2 പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചു.<br>2 പ്രവൃത്തികൾ ഉപേക്ഷിച്ചു. |
| 2015-16 | 16 | 6412177 | 4937331 | 1474846 | 12 എണ്ണം പൂർത്തീകരിച്ചു.<br>4 എണ്ണം ഭാഗികമായി പൂർത്തീകരിച്ചു. |
| ആകെ | | 18573702 | 12400520 | 6173182 | |

ജല അതോറിറ്റിയിൽ അവശേഷിക്കുന്ന തുക മുനിസിപ്പൽ ഫണ്ടിലേക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 14/24-10-2017)

## 3-10 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ

# സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനിയർ

ഓഡിറ്റ് വർഷത്തിൽ 5420215 രൂപ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കേരള ജല അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

<table>
<tr><th>ക്രമ നം.</th><th>ഏജൻസി</th><th>പ്രവൃത്തിയുടെ പേര്</th><th>ബിൽ</th><th>ഡെപ്പോസിറ്റ് തുക</th></tr>
<tr><td rowspan="3">1</td><td rowspan="7">കേരള ജല അതോറിറ്റി</td><td rowspan="3">125/17-പൈപ്പ്ലൈൻ നീട്ടൽ<br>ആകെ - 800000</td><td>13/16-17<br>17-1-2017</td><td>279000</td></tr>
<tr><td>17/ 16-17<br>8-2-2017</td><td>320625</td></tr>
<tr><td>63/16-17<br>13-3-2017</td><td>200375</td></tr>
<tr><td rowspan="2">2</td><td rowspan="2">346/17-കുടിവെള്ള പദ്ധതി<br>ആകെ - 200000</td><td>90/16-17<br>24-3-2017</td><td>100000</td></tr>
<tr><td>93/16-17<br>24-3-2017</td><td>100000</td></tr>
<tr><td>3</td><td>334/17-എസ്.സി കുടിവെള്ള പദ്ധതി</td><td>65/16-17<br>13-3-2017</td><td>500000</td></tr>
<tr><td>4</td><td>272/17-പൈപ്പ് ലൈൻ നീട്ടൽ</td><td>24/16-17<br>28-2-2017</td><td>500000</td></tr>
<tr><td>5</td><td></td><td>325/17-കുടിവെള്ള പദ്ധതികൾ</td><td>27/16-17<br>7-3-2017</td><td>1574484</td></tr>
<tr><td rowspan="2">6</td><td rowspan="2">വൈദ്യുതി ബോർഡ്</td><td rowspan="2">124/17-സ്ട്രീറ്റ് ലൈൻ നീട്ടൽ<br>ആകെ - 545731</td><td>14/16-17<br>17-1-2017</td><td>402451</td></tr>
<tr><td>19/16-17<br>20-2-2017</td><td>143280</td></tr>
</table>

| | | | | |
|---|---|---|---|---|
| 7 | | 134/17-എസ്.സി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ<br>ആകെ -500000 | 16/16-17<br>9-2-2017 | 11700 |
| | | | 25/16-17<br>28-2-2017 | 488300 |
| 8 | | 354/17-സമ്പൂർണ്ണ വൈദ്യുതീകരണം | 117/16-17<br>3-3-2017 | 200000 |
| 9 | | 353/17-വൈദ്യുതി ലൈൻ നീട്ടൽ | 118/16-17<br>30-3-2017 | 100000 |
| 10 | | 127/17-പോസ്റ്റ് ഷിഫ്റ്റിംഗ്<br>ആകെ - 500000 | 18/16-17<br>8-2-2017 | 68284 |
| | | | 20/16-17<br>28-2-2017 | 431716 |
| ആകെ | | | | 5420215 |

എ. എഗ്രിമെന്റ് ചമക്കാതെ തുക അനുവദിച്ചു

സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(x)(സി) അനുസരിച്ച് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യവസ്ഥയുണ്ടായിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. എഗ്രിമെന്റിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ പൂർത്തീകരണം അനന്തമായി നീളുന്നതിനുള്ള സാഹചര്യം ഉണ്ടാകുവാനിടയുണ്ട്.

പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കി വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 14/24-10-2017)

# 3-11 കുളപ്പുള്ളി-ഷൊർണ്ണൂർ ഫുട്പാത്ത് നിർമ്മാണം - പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമാക്കിയില്ല

പ്രൊ.നം. 126/16 (29/17)

അടങ്കൽ - 6 ലക്ഷം

എഗ്രിമെന്റ് - 95/16-12-2015

ചെലവ് - 498196/ (33/28-2-2017)

കരാറുകാരൻ - ശ്രീ.വി.ബി.പ്രസാദ്

പ്രവൃത്തിയുടെ എഗ്രിമെന്റ് ഒപ്പു വെച്ചതിനു ശേഷമാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡിന്റെ വശങ്ങളിൽ ഫുട്ട്പാത്ത് നിർമ്മിക്കുന്നതിനുള്ള അനുമതി തേടിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഉത്തരവ് നം. സി2/ജനറൽ/2016 തിയതി 17-10-2016 പ്രകാരം അനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. 3-2-2017 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

മറ്റു വകുപ്പുകൾക്ക് കീഴിലുള്ള സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു മുമ്പായി അതാത് വകുപ്പുകളുടെ ചെലവിൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള സാധ്യത കൂടി വിലയിരുത്തേണ്ടതാണ്. അനിവാര്യ സന്ദർഭങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ ആവശ്യമായ അനുമതി കൂടി ലഭിച്ചതിനു ശേഷം മാത്രം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 16/25-10-2016)

## 3-12 വിവിധ പ്രൊജക്റ്റുകൾ പ്രകാരമുള്ള ഇ-ടെണ്ടർ ഫോറങ്ങളുടെ വില നഗരസഭയിലേക്ക് ഒടുക്കേണ്ടതാണ്

മുനിസിപ്പൽ എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ അല്ലാത്ത പദ്ധതികളുടെ ഇ-ടെണ്ടറുകളിൽ വിതരണം ചെയ്ത ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ നഗരസഭയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറം വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|
| 1 | 121/17-ഇലക്ട്രിക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ<br><br>അടങ്കൽ - 1500000 | 2 | 5000 | 250 | 23-1-2017 |
| 2 | 118/17-തെരുവു വിളക്ക് റിപ്പയർ (എഎംസി)<br><br>അടങ്കൽ - 600000 | 2 | 2400 | 120 | 27-1-2017 |
| 3 | 121/16, 25/17 -ടൗൺ ഹാൾ നിർമ്മാണം<br><br>അടങ്കൽ -9720230 | 7 | 35000 | 1750 | 24-8-2015 |
| ആകെ | | | 42400 | 2120 | |

ടെണ്ടർ ഫോറങ്ങളുടെ വില മുനിസിപ്പൽ ഫണ്ടിലേക്കും വാറ്റ് തുക സർക്കാരിലേക്കും ഒടുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 20/25-10-2017)

## 3-13 സേവാഗ്രാം കേന്ദ്രങ്ങളിലേക്കായി വാങ്ങിയ കസേരകൾ പ്രയോജനപ്പെടുത്തിയില്ല

പ്രൊ.നം. 43/17- സേവാഗ്രാം 2015-16

അടങ്കൽ - 500000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനിയർ

ചെലവ് - 494629

ബിൽ നം. 11/17-1-2017

നഗരസഭയിലെ സേവാഗ്രാം കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നതിനായി ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങിയ ഫർണീച്ചറുകളിൽ 10 ഫൈബർ കസേരകൾ നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇൻവോയ്സ് നം. 200/30-9-2016, 201/30-9-2016

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് (നികുതി ഉൾപ്പെടെ) | ആകെ |
|---|---|---|---|---|
| 1 | കയ്യുള്ള ഫൈബർ ചെയർ | 274 | 649.21 | 177885 |
| 2 | സേവാഗ്രാം ബോർഡ് - 120x90 cm | 33 | 4799.84 | 158395 |
| 3 | ഇരുമ്പ് മേശ – 4.5x2.5x2.5 " | 33 | 4949.85 | 163345 |
| ആകെ (494629 രൂപ നൽകി) | | | | 499625 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (പേജ് നം. 33) പ്രകാരം 10 ഫൈബർ ചെയറുകൾ നാളിതു വരെ വിതരണം ചെയ്യിട്ടില്ലെന്നും ആയത് നഗരസഭാ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതു വരെ 10 ചെയറുകളുടെ വിലയായ 6492 രൂപ തടസ്സത്തിൽ വെക്കുന്നു. വിതരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 ആവശ്യകത വിലയിരുത്താതെ തെരുവു വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ്

2016-17 വർഷത്തിൽ തെരുവു വിളക്കുകൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിനായി രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം നഗരസഭയിൽ ലഭ്യമല്ല. കൃത്യതയില്ലാത്ത കണക്കുകളെ അടിസ്ഥാനമാക്കിയാണ് വൈദ്യുതി ബോർഡ് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. സാധനസാമഗ്രികൾ വാങ്ങുമ്പോൾ ആവശ്യകത വിലയിരുത്താതിരുന്നതിനാൽ ധാരാളം ലാമ്പുകൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്ന സ്ഥിതി വിശേഷം നിലവിലുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനിയർ

1. 259/17-- തെരുവു വിളക്കുകൾക്ക് സാധന സാമഗ്രികൾ വാങ്ങൽ

അടങ്കൽ - 200000 (എം.ജി-നോൺ റോഡ്)

ചെലവ് - 199998 (ബിൽ നം. 69/13-3-2017)

ഏജൻസി - ഗുഡ് വിൽ ഇലക്ട്രിക് ലിമിറ്റഡ്, കുളപ്പുള്ളി

2. 121/17-ഇലക്ട്രിക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 1500000 (എം.ജി-നോൺ റോഡ്)

ചെലവ് - 1499970 (ബിൽ നം. 80/18-3-2017)

ഏജൻസി - ഗുഡ് വിൽ ഇലക്ട്രിക് ലിമിറ്റഡ്, കുളപ്പുള്ളി

മേൽ പ്രൊജക്റ്റുകൾ പ്രകാരം വാങ്ങിയ സാധന സാമഗ്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 259/17 പ്രകാരം വാങ്ങിയത് | 121/17 പ്രകാരം വാങ്ങിയത് | ആകെ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാക്കി യുള്ളത് |
|---|---|---|---|---|---|
| 1 | 40 W ട്യൂബ് | - | 1650 | 1650 | 1650 |
| 2 | 15 W CFL | 675 | 1680 | 2355 | 1680 |
| 3 | ഡബിൾ സിഎഫ്എൽ | - | 338 | 338 | 338 |
| 4 | 40 W LED | - | 165 | 165 | 165 |
| 5 | 40W ചോക്ക് | 6000 | 928 | 6928 | 928 |
| 6 | 40 W സ്റ്റാർട്ടർ | 700 | 3300 | 4000 | 3300 |
| 7 | ഹോൾഡർ | 672 | 3300 | 3972 | 3300 |
| 8 | 36 W ട്യൂബ് | 700 | - | 700 | - |
| ആകെ | | 8747 | 11361 | 20108 | 11361 |

വാങ്ങൽ നടപടികളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായതായി വിലയിരുത്തുന്നു.

സാമഗ്രികൾ വാങ്ങുന്നതിനു മുമ്പായി ആവശ്യകത വിലയിരുത്തിയതിന് രേഖകളില്ല. വാങ്ങലുകൾ നടന്നിട്ടുള്ളത് പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കാതെയാണ്. വൈദ്യുതി ബോർഡിന്റെ കണക്കും വാങ്ങിയ സാമഗ്രികളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആവശ്യത്തിലധികം സാമഗ്രികൾ വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

1. യഥാർത്ഥത്തിൽ ആവശ്യമുള്ള എണ്ണം കണക്കാക്കി പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അംഗീകാരത്തോടെ സാമഗ്രികൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. ഒരേ വിഭാഗത്തിൽപ്പെടുന്ന സാമഗ്രികൾക്ക് ഒന്നിൽ കൂടുതൽ ടെണ്ടറുകൾ ക്ഷണിക്കുന്നത് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾക്കും, പ്രൊക്യൂർമെന്റ് മാർഗ്ഗേരേഖയുടേയും ലംഘനമായതിനാൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.
3. 2017-18 വർഷത്തെ വാങ്ങലുകൾക്ക് സ.ഉ(പി)നം. 259/2010/LSGD തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് പതിമൂന്നാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 20/25-10-2017)

# 3-15 മുനിസിപ്പൽ എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 215 പ്രവൃത്തികളിൽ 90 എണ്ണം മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. ആരംഭിച്ച 90 പ്രവൃത്തികളിൽ 37 പ്രവൃത്തികൾ ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. തൻവർഷം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 183048561 രൂപയിൽ 48029125 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (26%).

37 ടാറിംഗ് പ്രവൃത്തികളുടെ കരാറുകാർക്ക് ടാർ വാങ്ങി നൽകിയെങ്കിലും പ്രവൃത്തികളൊന്നും തൻവർഷം പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നതാണ് ചെലവ് കുറയുവാനുണ്ടായ പ്രധാന കാരണമെന്ന് മുനിസിപ്പൽ എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. വൻ തുക വകയിരുത്തിയ പല പദ്ധതികളും തൻവർഷം നടപ്പിലാക്കുവാൻ സാധിക്കാതിരുന്നതും ചെലവ് ശതമാനം കുറയുവാനിടയാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|---|
| 1 | 18/17- ഗ്യാസ് ക്രിമട്ടോറിയം സ്ഥാപിക്കൽ | 8000000 |
| 2 | 41/17-ഓർഗാനിക് വേസ്റ്റ് കൺവർട്ടർ പ്ലാന്റ് | 2743055 |
| 3 | 130/17-നഗരസഭ ഓഫീസ് കെട്ടിടം നിർമ്മാണം | 40300000 |

| | | |
|---|---|---|
| 4 | 266/17-എസ്.സി ട്രെയ്നിംഗ് സെന്റർ നിർമ്മാണം | 3067500 |
| 5 | 265/17-വനിതാ വ്യവസായ കേന്ദ്രം | 2025000 |
| 6 | 57/17-എസ്.സി യുവതീ യുവാക്കൾക്ക് ഇ-ഷോപ്പ് | 1400000 |
| 7 | 250/17-വയോജന പാർക്ക് | 1462663 |

വലിയ തുക വകയിരുത്തിയ മേൽ പ്രവൃത്തികളൊന്നും തൻവർഷം ആരംഭിച്ചിച്ചിട്ടില്ല.

ഭാഗികമായി തുക ചെലവഴിച്ച ഏതാനും വലിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.
1. 281/17-കുളപ്പുള്ളി പബ്ലിക് അമിനിറ്റി സെന്റർ - 20000000 രൂപ വകയിരുത്തിയതിൽ പ്രാഥമിക പഠനത്തിനായി 311951 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

2. 25/17- ടൗൺ ഹാൾ 2015-16 – 9335309 രൂപ വകയിരുത്തിയതിൽ 6350638 രൂപ തൻവർഷം ചെലവഴിച്ച് ഭാഗികമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

അംഗീകാരം ലഭ്യമാക്കുന്ന പ്രവൃത്തികളുടെ എണ്ണത്തിലെ ആധിക്യവും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി ആസൂത്രണ വേളയിൽ പ്രായോഗികത കൂടി കണക്കിലെടുക്കേണ്ടതും അംഗീകാരം ലഭ്യമായ പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

## 3-16 എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി-വാങ്ങിയ മേശയും കസേരയും മുഴുവനും വിതരണം ചെയ്തില്ല

പ്രോജക്ടിന്റെ പേരും നമ്പരും-എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി (2015-16), 10/17

അടങ്കൽ- ₹9,00,000 (എസ്.സി.പി)

ചെലവ്- ₹5,00,000 (ബിൽ നം.3/31-10-2016)
നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

ഷൊർണ്ണൂർ നഗരസഭയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 224 ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി വീട്ടിലൊരു പഠന മുറി ഒരുക്കുന്നതിനായി മേശയും കസേരയും വാങ്ങി നൽകുകയാണ് പദ്ധതിടെ ലക്ഷ്യം. പ്രോജക്ട് പ്രകാരം Govt Wood Workshop Sales Centre (A Concern of Kerala SIDCO Ltd) നിന്നും ₹5,00,000 ചെലവഴിച്ച് 125 എണ്ണം വീതം മേശയും കസേരയും (125*4000) വാങ്ങിയതിൽ 120 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. ബാക്കിയുള്ള 5

എണ്ണം നാളിതുവരെയും വിതരണം ചെയ്യാതെ നഗരസഭ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്.

ആവശ്യകത കൃത്യമായി നിശ്ചയിക്കാതെ ഫർണീച്ചർ വാങ്ങിയതു കാരണം വിതരണം ചെയ്യാതെ അവശേഷിക്കുന്ന 5 മേശയും കസേരയും ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതുവരെ ആയതിലേക്കായി ചെലവഴിച്ച തുക ₹20000 (5*4000) തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/23-10-2017) വിതരണം ചെയ്യാത്ത മേശയും കസേരയും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.





# 3-17 <u>ഇ.എം.എസ് ഭവന നിർമ്മാണം-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല</u>

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം 57 ഗുണഭോക്താക്കൾ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചതിൽ നാളിതുവരെ 5 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചത്. ബാക്കിയുള്ള 52 ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെയും

പൂർത്തീകരിച്ചിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേരും, നമ്പരും | ചെലവ് വിവരം | |
|---|---|---|
| | ബിൽ നം. | തുക (₹) |
| ഇ.എം.എസ് ഭവന നിർമ്മാണം (എസ്.സി.പി) 2015-16 രണ്ടാംഘട്ടം, 9/17<br>(Spill Over)<br>[അടങ്കൽ-₹55,80,000<br>(എസ്.സി.പി)] | 1/19-10-2016 | 2970000 |
| | 8/29-12-2016 | 360000 |
| | 12/21-01-2017 | 180000 |
| | 15/17-03-2017 | 180000 |
| | 16/17-03-2017 | 360000 |
| | 21/25-03-2017 | 180000 |
| | 27/31-03-2017 | 90000 |
| | ആകെ | 4320000 |

| പ്രോജക്റ്റിന്റെ പേരും, നമ്പരും | ചെലവ് വിവരം | |
|---|---|---|
| | ബിൽ നം. | തുക (₹) |
| പ്രോജക്റ്റിന്റെ പേരും നമ്പരും-ഇ.എം.എസ് ഭവന നിർമ്മാണം (എസ്.സി.പി)<br>2016-17, 148/17<br>[അടങ്കൽ- ₹93,60,000 (എസ്.സി.പി)] | 4/31-10-2016 | 360000 |
| | 5/30-11-2016 | 270000 |
| | 7/29-12-2016 | 1020000 |
| | 13/21-01-2017 | 600000 |
| | 22/25-03-2017 | 840000 |
| | 26/31-03-2017 | 240000 |
| | ആകെ | 3330000 |

ആയതിൽ പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള 52 ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക്- ₹300000)

| ഒരു ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം(₹30000) | 2 ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം (₹120000) | 3 ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം(₹210000) | 4 ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം (₹270000) | ആകെ (എണ്ണം) |
|---|---|---|---|---|
| 6 | 10 | 10 | 26 | 52 |

പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ആദ്യ ഗഡു മാത്രം കൈപ്പറ്റിയ 6 ഗുണഭോക്താക്കൾ

ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.7/23-10-2017)

## 3-18 വീട് റിപ്പയർ (എസ്.സി)- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റിന്റെ പേരും നമ്പരും-വീട് റിപ്പയർ-എസ്.സി (2015-16രണ്ടാംഘട്ടം), 149/17 (സ്പിൽ ഓവർ)

അടങ്കൽ- ₹26,50,000 (എസ്.സി)

ചെലവ്- ₹22,50,000 (ബിൽ നം.23/31-03-2017-₹475000, 24/31-03-2017-₹625000, 28/31-03-2017-₹1150000 )

മേൽ പ്രോജക്റ്റ് പ്രകാരം 90 ഗുണഭോക്താക്കൾ കരാർ ചമച്ച് മുൻകൂറായി ആദ്യ ഗഡു കൈപ്പറ്റി (₹25000) വീട് റിപ്പയർ ആരംഭിച്ചതിൽ നാളിതുവരെ 87 ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 ഗുണഭോക്താക്കൾ വീട് റിപ്പയർ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. റിപ്പയർ പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക്-₹50,000)

1.ശ്രീമതി. പുഷ്പവല്ലി, മാങ്ങാനാംപറ്റത്തോപ്പിൽ, കല്ലിപ്പാടം

2.ശ്രീമതി. സിന്ധു w/o രാധാകൃഷ്ണൻ, മുണ്ടൻചോലയിൽ, കുളപ്പുള്ളി

3. ശ്രീമതി. ശാന്ത.പി, പന്തലാക്കപ്പറമ്പിൽ, കുളപ്പുള്ളി
മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ഇ.എം.എസ് ഭവന നിർമ്മാണം (ജനറൽ) -പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജന സെൽ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം 95 ഗുണഭോക്താക്കൾ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചതിൽ നാളിതുവരെ 73 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചത്. ബാക്കിയുള്ള 22 ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1)

| പ്രോജക്റ്റിന്റെ പേരും, നമ്പരും | ചെലവ് വിവരം |
|---|---|

| ഇ.എം.എസ് ഭവന നിർമ്മാണം (ജനറൽ) 2015-16 രണ്ടാംഘട്ടം, 4/17 (Spill Over) അടങ്കൽ-₹5,00,000 | ബിൽ നം. | തുക (₹) |
|---|---|---|
| | 1/18-10-2016 | 500000 |

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(2)

| പ്രോജക്റ്റിന്റെ പേരും, നമ്പരും | ചെലവ് വിവരം | |
|---|---|---|
| | ബിൽ നം. | തുക (₹) |
| പ്രോജക്റ്റിന്റെ പേരും നമ്പരും-ഇ.എം.എസ് ഭവന നിർമ്മാണം ബാക്കി തുക 2016-17, 90/17<br>[അടങ്കൽ- ₹40,00,000 (ജനറൽ)] | 2/28-10-2016 | 760000 |
| | 8/28-10-2016 | 100000 |
| | 9/28-12-2016 | 60000 |
| | 10/31-10-2016 | 140000 |
| | 11/13-12-2016 | 360000 |
| | 13/27-12-2016 | 260000 |
| | 14/21-01-2017 | 100000 |
| | 20/24-03-2017 | 300000 |
| | 22/30-03-2017 | 120000 |
| | ആകെ | 2200000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള 22 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക്- ₹200000)

(3)

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | വിനീത, താഴെത്തേതിൽ, ഷൊർണ്ണൂർ | 20000 | 180000 |
| 2 | രാധാകൃഷ്ണൻ, കിഴക്കേവീട്ടിൽ, ഷൊർണ്ണൂർ | 140000 | 60000 |
| 3 | രമാദേവി, കാഞ്ഞിരംകോട്ടിൽ, ഷൊർണ്ണൂർ | 80000 | 120000 |
| 4 | പി.രാധ, പുലാവഴിമഠത്തിൽ, ഷൊർണ്ണൂർ | 180000 | 20000 |

| | | | |
|---|---|---|---|
| 5 | മുരുകൻ, പുലാവഴിമഠത്തിൽ, ഷൊർണ്ണൂർ | 140000 | 60000 |
| 6 | രമ, പന്തലാട്ടുപറമ്പിൽ, ഷൊർണ്ണൂർ | 140000 | 60000 |
| 7 | പ്രേമ.കെ, പന്തലാട്ടുപറമ്പിൽ, ഷൊർണ്ണൂർ | 20000 | 180000 |
| 8 | പുഷ്പ, കറുവക്കാട്ടിൽ, ഷൊർണ്ണൂർ | 20000 | 180000 |
| 9 | സൗമിനി, പഷ്ണത്ത്, ഷൊർണ്ണൂർ | 140000 | 60000 |
| 10 | അംബിക, കോറോത്ത്, ഷൊർണ്ണൂർ | 140000 | 60000 |
| 11 | പ്രദീപ്, നീലാമലക്കുന്നത്ത്, ഷൊർണ്ണൂർ | 80000 | 120000 |
| 12 | ഗൗരി, കിഴക്കേതിൽ, ഷൊർണ്ണൂർ | 80000 | 120000 |
| 13 | കല്ല്യാണി, തെക്കുപറമ്പിൽ, ഷൊർണ്ണൂർ | 140000 | 60000 |
| 14 | അച്യുതൻ, പതിയത്ത്, ഷൊർണ്ണൂർ | 80000 | 120000 |
| 15 | രാജൻ.കെ.പി, കണ്ണംപറമ്പിൽ, ഷൊർണ്ണൂർ | 140000 | 60000 |
| 16 | വത്സലകുമാരി, ഒറവിൽ, ഷൊർണ്ണൂർ | 140000 | 60000 |
| 17 | ചന്ദ്രബാബു, പ്ലാശേരിത്തൊടി, ഷൊർണ്ണൂർ | 140000 | 60000 |
| 18 | ചന്ദ്രമോഹൻ, മോഹൻവില്ല, ഷൊർണ്ണൂർ | 80000 | 120000 |
| 19 | അബൂബക്കർ, പടിഞ്ഞാറേതിൽ, ഷൊർണ്ണൂർ | 80000 | 120000 |
| 20 | തങ്കമണി, കാവുങ്ങൽതൊടി, ഷൊർണ്ണൂർ | 80000 | 120000 |
| 21 | രതീഷ്, മാങ്കുഴി, ഷൊർണ്ണൂർ | 140000 | 60000 |
| 22 | സി.കെ.സുരേഷ്, ചക്കുംകുളംപറമ്പ് | 140000 | 60000 |

പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ആദ്യ ഗഡു മാത്രം കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.8/23-10-2017)

## 3-20 ജവഹർലാൽ നെഹ്റു ജയന്തി ഭവന

## നിർമ്മാണം- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജന സെൽ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം 2015-16 ൽ 24 ഗുണഭോക്താക്കൾ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചതിൽ നാളിതുവരെ ഒരു ഗുണഭോക്താവ് മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചത്. ബാക്കിയുള്ള 23 ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്റ്റിന്റെ പേരും, നമ്പരും | ചെലവ് വിവരം | |
|---|---|---|
| | ബിൽ നം. | തുക(₹) |
| ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ പദ്ധതി, ജനറൽ 2015-16, 13/17<br>അടങ്കൽ- ₹6,60,000 (ജനറൽ) | 12/20-12-2016 | 240000 |
| | 15/21-02-2017 | 220000 |
| | 18/21-02-2017 | 200000 |
| | ആകെ | 660000 |

| പ്രോജക്റ്റിന്റെ പേരും, നമ്പരും | ചെലവ് വിവരം | |
|---|---|---|
| ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ പദ്ധതി, ജനറൽ 2016-17, 86/17<br>അടങ്കൽ- ₹8,40,000 (ധനകാര്യ കമ്മീഷൻ അവാർഡ്) | ബിൽ നം. | തുക (₹) |
| | 19/21-02-2017 | 380000 |
| | 24/31-03-2017 | 120000 |
| | ആകെ | 500000 |

ആയതിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ബാക്കിയുള്ള 23 ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക്- ₹200000)

| ഒരു ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം (₹20000) | 2 ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം (₹80000) | 3 ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം (₹140000) | ആകെ (എണ്ണം) |
|---|---|---|---|
| 4 | 9 | 10 | 23 |

പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ആദ്യ ഗഡു മാത്രം കൈപ്പറ്റിയ 4 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-21 പി.എം.എ.വൈ - ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

പ്രോജക്റ്റിന്റെ പേരും നമ്പരും-പി.എം.എ.വൈ പദ്ധതി വിഹിതം, 323/17

അടങ്കൽ-₹25,00,000 {₹2,08,000 (ജനറൽ)+₹22,92,000 (ധനകാര്യ കമ്മീഷൻ

അവാർഡ്)}

ചെലവ്- ₹25,00,000 {₹2,08,000 (Bill No.17/21-02-2017)+₹22,92,000 (Bill No.16/21-02-2017)}

മേൽ പ്രോജക്റ്റുകൾ പ്രകാരം 2016-17 ൽ 57 ഗുണഭോക്താക്കൾ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചതിൽ നാളിതുവരെ ആരും തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പി.എം.എ.വൈ പദ്ധതിക്കായി കേന്ദ്ര, സംസ്ഥാന വിഹിതമായി ₹52,80,000 ലഭിച്ചിട്ടുണ്ട്. ആകയാൽ കരാർ ചമച്ച എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

# 3-22 ആശ്രയ ഭവന നിർമ്മാണം(ജനറൽ)-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

എ) പ്രോജക്റ്റിന്റെ പേരും നമ്പരും-ആശ്രയ ഭവന നിർമ്മാണം (ജനറൽ), 89/17

അടങ്കൽ- ₹5,00,000 (ജനറൽ)

ചെലവ്- ₹5,00,000 (Bill No.3/28-10-2017)

പ്രോജക്റ്റ് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജന സെൽ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം ₹5,00,000 കുടുംബശ്രീ ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക ചെലവഴിക്കുന്നതിന് 2 ആശ്രയ ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടുണ്ട്. നാളിതുവരെ ഗുണഭോക്താക്കൾ ആരും തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക്-2,50,000)

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | രാജൻ, ഞാലിപ്പറമ്പിൽ, ചുഡുവാലത്തൂർ | 225000 | 25000 |
| 2 | കാർത്ത്യായനി, മേലേതിൽ, ഷൊർണ്ണൂർ | 100000 | 150000 |

ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.17/25-10-2017)

# 3-23 ആശ്രയ ഭവന നിർമ്മാണം (എസ്.സി.പി)2016-17- പദ്ധതി നാളിതുവരെയും

## പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ടിന്റെ പേരും നമ്പരും- ആശ്രയ ഭവന നിർമ്മാണം (എസ്.സി.പി )2016-17, 110/17

അടങ്കൽ- ₹5,00,000 (ജനറൽ)

ചെലവ്- ₹5,00,000 (Bill No.4/28-10-2017)

പ്രോജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജന സെൽ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം ₹5,00,000 കുടുംബശ്രീ ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക ചെലവഴിക്കുന്നതിന് 2 ആശ്രയ ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടുണ്ട്. നാളിതുവരെ ഗുണഭോക്താക്കൾ ആരും തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ് നിരക്ക് – 2,50,000)

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | കാളി, നീലംക്കുന്നുപറമ്പിൽ, മുണ്ടായ, ഗണേശ്ഗിരി | 175000 | 75000 |
| 2 | രാധ, വീരന്മാരിൽ, പരുത്തിപ്ര, ഷൊർണ്ണൂർ | 175000 | 75000 |

ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.17/25-10-2017)

# 3-24 മിച്ചമുള്ള കേന്ദ്ര വിഹിതം ഉപയോഗിച്ച് അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ നഗരസഭയിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച കേന്ദ്ര

വിഹിതത്തിൽ ₹11,70,524 നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. നഗരസഭയിലുള്ള 33 അങ്കണവാടികളിൽ 9 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ലാതിരുന്നിട്ടും പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് തുക ചെലവഴിച്ചിട്ടില്ല.

നഗരസഭയിലെ 33 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യമില്ലാത്തവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികളുടെ വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 9 |
| 2 | ചുറ്റുമതിൽ ഇല്ലാത്തവ | 4 |
| 3 | കുടിവെള്ള സൗകര്യമില്ലാത്തവ | 13 |

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, കുടിവെള്ളം, ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പൂരക പോഷകാഹാര പരിപാടിക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ ചെലവഴിക്കാതെ മിച്ചമുള്ള തുക വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.17/25-10-2017)

# 3-25 WBNP (Wheat Based Nutrition Programme) പ്രകാരം അങ്കണവാടികളിൽ ഗോതമ്പ് എത്തിച്ചതിൽ കുറവ്-കൂടുതൽ അന്വേഷണം ആവശ്യപ്പെടുന്നു

ഷൊർണ്ണൂർ സപ്ലൈകോ സൂപ്പർമാർക്കറ്റിൽ നിന്നും WBNP (Wheat Based Nutrition Programme) പ്രകാരം അങ്കണവാടികളിൽ എത്തിച്ച ഗോതമ്പിന്റെ അളവിൽ കുറവുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Goods Issue Sheet No. & Date | Goods Issue Sheet പ്രകാരമുള്ള അളവ് (Kg) | അങ്കണവാടികളിൽ ലഭ്യമായ അളവ് (Kg) | വ്യത്യാസം (Kg) (കുറവ്) |
|---|---|---|---|
| 16223/03-06-2016 | 10930 | 9480 | 1450 |
| 16501/30-07-2016 | 9888 | 9700 | 188 |
| 16957/07-11-2016 | 9878 | 9700 | 178 |
| ആകെ | 30696 | 28880 | 1816 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന്

(നം.21/26-10-2017) Goods Issue Sheet പ്രകാരമുള്ള ഗോതമ്പിന്റെയും ലഭിച്ച ഗോതമ്പിന്റെയും അളവിലുള്ള വ്യതിയാനം യഥാസമയം ശിശു വികസന പദ്ധതി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഏറ്റെടുത്ത ഗോതമ്പിന് ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ ₹43,320 മാത്രം നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

മേൽ പദ്ധതി പ്രകാരം ഗോതമ്പ് ലഭ്യമായതിൽ കുറവ് വരാനുള്ള സാഹചര്യം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-26 സ്വച്ഛ് ഭാരത് മിഷൻ(അർബൻ) ODF പ്രവർത്തനങ്ങളുടെ അവലോകനം

നഗരസഭയിൽ സ്വച്ഛ് ഭാരത് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ബേസ് ലൈൻ സർവ്വേ നടത്തിയതിൽ ശൗചായലയങ്ങളുടെ അഭാവം അനുഭവപ്പെടുന്ന 226 കുടുംബങ്ങൾ ഉണ്ടെന്നും, നോൺ ഫങ്ഷണൽ ടോയ്‌ലറ്റ് ഉള്ള 355 കുടുംബങ്ങൾ ഉണ്ടെന്നും കണക്ക് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷനിൽ നിന്നും 581 കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് അനുവദിക്കുന്നതിനായി ₹30,98,473 രൂപ ലഭ്യമായിട്ടുണ്ട്. ആയത് 02.01.2016 ൽ നഗരസഭയുടെ ICICI ബാങ്കിലെ 266105000067 നമ്പർ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ്(സാധാ) നമ്പർ 281/16/തസ്വഭവ തീയതി.25.01.2016 പ്രകാരം കേന്ദ്ര-സംസ്ഥാന വിഹിതമായ ₹5333 (₹4000-കേന്ദ്ര വിഹിതവും, ₹1333 സംസ്ഥാന വിഹിതവും) രൂപ വീതം 581 പേർക്ക് അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ നഗരസഭ വികസന/തനത് ഫണ്ടിൽ നിന്നും ഒരു ടോയ്‌ലറ്റിന് ₹10,067 രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

എന്നാൽ സ്വച്ഛ് ഭാരത് പദ്ധതി പ്രകാരം ടോയ്‌ലറ്റ് ആവശ്യമുള്ളവർ അക്ഷയകേന്ദ്രം വഴി അപേക്ഷ ഓൺലൈനായി സമർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ അപേക്ഷ സമർപ്പിച്ചവരിൽ നിന്നും നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്തിയവരിൽ 75 കുടുംബങ്ങളെ മാത്രമേ ടോയ്‌ലറ്റിന് അർഹതയുള്ളവരായി കണ്ടെത്തിയുള്ളൂ. ടി കുടുംബങ്ങളുടെ ലിസ്റ്റ് നഗരസഭാ കൗൺസിൽ അംഗീകരിക്കുകയും (കൗൺസിൽ തീരുമാനം നമ്പർ 8/30.7.2016, 16/24.10.2016) അവരിൽ മുഴുവൻ ആളുകൾക്കും ഒന്നാം ഗഡുവായി ₹7700 അനുവദിക്കുകയും ചെയ്തു. എന്നാൽ രണ്ടാം ഗഡുവായി നിലവിൽ 64 ഗുണഭോക്താക്കൾക്ക് മാത്രമേ ₹7700 അനുവദിച്ചിട്ടുള്ളൂ. നിർമ്മാണം പൂർത്തിയാക്കിയ 11 ഗുണഭോക്താക്കൾ കൺസ്ട്രക്ടഡ് ടോയ്‌ലറ്റ് ഫോട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴി അപ് ലോഡ് ചെയ്യാത്തതുകൊണ്ടാണ് ടി ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിക്കാതിരുന്നത്.

നഗരസഭ 2015-16 വർഷത്തിൽ 118 ഗുണഭോക്താക്കൾക്ക് ₹10,067 പ്രകാരം പദ്ധതി

വിഹിതം വകയിരുത്തുവാൻ അംഗീകാരം നേടിയിട്ടുണ്ട്. 2016-17 വർഷത്തിൽ സ്പിൽ ഓവർ പദ്ധതി പ്രകാരം ₹10,067 വീതം 75 ഗുണഭോക്താക്കൾക്കുള്ള ₹7,55,025 പിൻവലിച്ച് സ്വച്ഛ് ഭാരത് മിഷന്റെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുമുണ്ട്. വിശദവിരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | ചെലവ് വിവരം | |
|---|---|---|
| | ബിൽ നം. | തുക(₹) |
| പ്രോജക്റ്റിന്റെ പേര്- സ്വച്ഛ്ഭാരത് മിഷൻ പദ്ധതി 2015-16,<br>പ്രോജക്റ്റ് നമ്പർ- 6/17<br>അടങ്കൽ- 18,17,200 [687906 (ജനറൽ)+500000(ധനകാര്യ കമ്മീഷൻ അവാർഡ്)+472000 (കേന്ദ്ര വിഹിതം)+157294 (സംസ്ഥാന വിഹിതം)] | 2/21-03-2017 (പദ്ധതി വിഹിതം) | 463082 |
| | 9/31-03-2017 (ധനകാര്യ കമ്മീഷൻ അവാർഡ്) | 291943 |
| | ആകെ | 755025 |

കേന്ദ്ര-സംസ്ഥാന വിഹിതം ₹30,98,473 (581*5333) ലഭ്യമായത് 581 ശൗചായലയങ്ങളുടെ നിർമ്മാണത്തിനാണ്. എന്നാൽ 75 ഗുണഭോക്താക്കൾക്ക് മാത്രമാണ് നഗരസഭ അർഹതയുള്ളവരായി കണ്ടെത്തിയിട്ടുള്ളത്. ആകയാൽ നഗരസഭയ്ക്ക് ശുചിത്വ മിഷനിൽ നിന്നും അധികം ലഭ്യമായ ₹26,98,498 (506*5333) രൂപ ഉചിത മാർഗ്ഗേന തിരികെ അടവാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.26/26-10-2017)

# 3-27 ICLS (ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ പ്രോഗ്രാം) - പദ്ധതി നടത്തിപ്പിന്റെ അവലോകനം

നിർവഹണോദ്യോഗസ്ഥൻ- പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ

ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ പ്രോഗ്രാം എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ടോയ് ലെറ്റ്, ബയോ ഡൈജസ്റ്റർ എന്നിവ നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ നോഡൽ ഏജൻസി ശുചിത്വ മിഷനും നിർവ്വഹണ ഏജൻസി മൈത്രിയുമാണ്. 2009 വർഷത്തിൽ തയ്യാറാക്കിയ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം 1396 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ നിർവഹണ ഏജൻസിയായ മൈത്രിയുമായി 2009 വർഷത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ഡി.പി.ആർ പ്രകാരം പദ്ധതിയുടെ അടങ്കൽ 15164303 രൂപയാണ്. ഇതിൽ മൈത്രിയുടെ നിർവഹണ ചാർജ്ജായ 1977953 രൂപയും ഉൾപ്പെടുന്നു. പദ്ധതിയുടെ നിർവഹണകാലാവധി 31.3.2015 വരെയാണ്. എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഫണ്ട് തിരിച്ചുള്ള അടങ്കലിന്റെ വിശദാംശം താഴെ

കൊടുക്കുന്നു.

| | |
|---|---|
| കേന്ദ്ര വിഹിതം | ₹10039819 |
| നഗരസഭാവിഹിതം | ₹2659789 |
| ഗുണഭോക്തൃവിഹിതം | ₹2464695 |
| ആകെ | ₹15164303 |

മേൽ പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ കാഷ് ബുക്ക് (നടപ്പ് ഫയൽ പ്രകാരം തുകയുടെ ചെലവ് കൃത്യമാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല ) പരിശോധിച്ചതിൽ നാളിതുവരെയുള്ള വരവ്-ചെലവ് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിക്കായി ലഭിച്ച തുകയുടെ വിവരം | |
|---|---|
| ഫണ്ട് | തുക (₹) |
| പ്ലാൻ ഫണ്ട് (നഗരസഭ വിഹിതം) | 32,17,725 |
| ശുചിത്വ മിഷൻ (കേന്ദ്ര വിഹിതം) | 1,09,76,750 |
| മറ്റുള്ളവ (പലിശ, തിരികെ ലഭിച്ചത്, തുടങ്ങിയവ) | 9,34,118 |
| ആകെ | 1,51,28,593 |

മേൽ പറഞ്ഞ പ്ലാൻ ഫണ്ടിൽ (നഗരസഭ വിഹിതം) 2016-17 വർഷത്തിൽ 91/17 നമ്പർ പ്രോജക്റ്റ് പ്രകാരം ₹400000 (ബിൽ നം. 5/28-10-2016) രൂപ കൂടി ട്രഷറിയിൽ നിന്ന് പിൻവലിച്ച് ICLS അക്കൗണ്ടിൽ നിക്ഷേപിച്ചത് ഉൾപ്പെടുന്നുണ്ട്. എന്നാൽ പ്രോജക്റ്റിന്റെ അടങ്കൽ പ്രകാരം പ്ലാൻ ഫണ്ട് തുക ₹2659789 രൂപ മാത്രമാണ്. എന്നാൽ തുക ചെലവഴിച്ചത് ₹32,17,725 ആണ്. അധികം നൽകിയ ₹557936 (₹32,17,725-₹2659789) യിൽ ₹400000 നൽകിയത് 2016-17 സാമ്പത്തിക വർഷത്തിലാണ്. ആയതിനാൽ അടങ്കൽ തുകയിൽ 2016-17 സാമ്പത്തിക വർഷത്തിൽ അധികം നൽകിയ തുകയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

| പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം | |
|---|---|
| ഫണ്ട് | തുക (₹) |
| മൈത്രിക്ക് നൽകിയ തുക | 19,58,000 |
| വാർഡ് കമ്മിറ്റികൾക്ക് നൽകിയ തുക | 1,25,40,629 |
| ശുചിത്വ മിഷന് തിരികെ നൽകിയത് | 1,15,852 |
| ആകെ | 1,46,14,481 |
| നീക്കിയിരിപ്പ് (25-10-2017 ) | 5,14,112 |

ഈ പദ്ധതിയുടെ ഫയൽ കൃത്യമായി സൂക്ഷിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷ്മത പുലർത്തുന്നില്ല (നം.സിഡിഎസ്/10874/15). നാളിതുവരെ എത്ര

ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ നഗരസഭയുടെ രേഖകളിൽ നിന്നും ലഭ്യമല്ല. 48 ഗുണഭോക്താക്കൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട് എന്ന് ഫയലിൽ കാണുന്നുണ്ടെങ്കിലും കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. നിർവ്വഹണ ഏജൻസിയായ മൈത്രിയുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായില്ല. നഗരസഭ ഈ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തേണ്ടതാണെന്ന് എഗ്രിമെന്റ് വ്യവസ്ഥയിൽ പറഞ്ഞിട്ടുണ്ടെങ്കിലും അത്തരത്തിൽ നഗരസഭ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് എഗ്രിമെന്റിൽ വ്യക്തമാക്കിയതു പ്രകാരം നഗരസഭയുടെ ഭാഗത്തുനിന്നും കൃത്യമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഈ പദ്ധതിയുടെ മോണിട്ടറിംഗ് കമ്മിറ്റി ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

2) നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച് വിശദമായ പരിശോധന നടത്തി മൈത്രിക്ക് അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

3)പദ്ധതി കാലാവധി അവസാനിച്ചെങ്കിലും ഇപ്പോഴും മുഴുവൻ ഗുണഭോക്താക്കളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. അടിയന്തിരമായി പദ്ധതി പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

4) വിവിധ ഫണ്ടുകളുടെ വരവ് ചെലവ് വിവരങ്ങൾ കാണിക്കുന്നതിന് ഫണ്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

5) ഗുണഭോക്താക്കൾ നിർവഹിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ വാലേഷൻ എടുത്ത് രേഖകൾ സൂക്ഷിക്കേണ്ടതാണ്. ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിലേക്ക് നിർവഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(2015-16 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-14 ലെ പരാമർശം കൂടി കാണുക)

# 3-28 IHSDP- പദ്ധതി അവലോകനം

IHSDP (Integrated Housing and Slum Development Programme) പദ്ധതി അവസാനിച്ചതിനാൽ ടി പദ്ധതി പ്രകാരം നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 12 ഗുണഭോക്താക്കളെ നിലവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (യൂണിറ്റ്- ₹200000)

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | ഗുണഭോക്താവ് കൈപ്പറ്റിയ തുക | ഗുണഭോക്താവ് കൈപ്പറ്റാൻ ബാക്കിയുള്ള | പൂർത്തിയാക്കിയ ഘട്ടം |
|---|---|---|---|---|

| | | | തുക | |
|---|---|---|---|---|
| 1 | കെ.വിനോദ് കുമാർ S/o ആന്ദൻ, കാറാത്തുതൊടി, മഞ്ഞക്കാട് | 35000 | 165000 | ലിന്റൽ വാർപ്പ് |
| 2 | സുരേഷ് S/o കുട്ടൻ, പാറക്കുളം, ചെട്ടിയാർതൊടി, കുളപ്പുള്ളി | 35000 | 165000 | ലിന്റൽ വാർപ്പ് |
| 3 | ദേവദാസ് S/o ബാലകൃഷണൻ, ചരപ്പറമ്പിൽ, കണയം | 35000 | 165000 | ലിന്റൽ വാർപ്പ് |
| 4 | ശാന്ത W/o ഉണ്ണിക്ക്യഷ്ണൻ, പാലാട്ടുപറമ്പിൽ, മുണ്ടമുക | 35000 | 165000 | ലിന്റൽ വാർപ്പ് |
| 5 | കുറുംബ, മുരുക്കുംകോട്ടുപറമ്പിൽ, കുളപ്പുള്ളി, ഷൊർണ്ണൂർ | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | വാർപ്പ് വരെ കഴിഞ്ഞു |
| 6 | ത്രേസ്യാമ്മ, വെള്ളിഞ്ഞാലിൽ, കെ.കെ.കോളനി | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | വാർപ്പ് വരെ കഴിഞ്ഞു |
| 7 | ശകുന്തള.എം.ആർ, അമ്പലകുന്നത്ത്, കാരക്കാട് | 35000 | 165000 | ലിന്റൽ വാർപ്പ് |
| 8 | നബീസ, പൂവ്വത്തിങ്കൽ, കെ.കെ.കോളനി | 35000 | 165000 | ലിന്റൽ വാർപ്പ് |
| 9 | കാർത്ത്യായനി, മേലേപ്പുറത്ത്, പരുത്തിപ്ര | 35000 | 165000 | ലിന്റൽ വാർപ്പ് |
| 10 | വള്ളി, മേലേപ്പുറത്ത്, പരുത്തിപ്ര | 35000 | 165000 | ലിന്റൽ വാർപ്പ് |
| 11 | അജികുമാർ, തോപ്പിൽഹൗസ്, ഗണേശ്ഗിരി | 35000 | 165000 | ലിന്റൽ വാർപ്പ് |
| 12 | സീതദേവി W/o സുരേന്ദ്രൻ പയ്യനഴി, കവളപ്പാറ | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | അടിസ്ഥാനം |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് പണി പൂർത്തീകരിക്കേണ്ടതാണ്.

## IHSD പദ്ധതിയുടെ ഫണ്ട് വിനിയോഗം

| വരവ് | തുക (₹) | ചെലവ് | തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 3,91,10,135 | ഗുണഭോക്താക്കൾക്ക് നൽകിയ തുക | 1,90,000 |
| പലിശ | 27,28,464 | കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് തിരിച്ചടച്ചത് | 2,15,18,863 |
| | | ബാങ്ക് ചാർജ്ജ് | 229 |
| | | നീക്കിയിരിപ്പ് (25-09-2017) | 2,01,29,507 |
| ആകെ | 4,18,38,599 | ആകെ | 4,18,38,599 |

IHSDP പദ്ധതി അക്കൗണ്ടിൽ (A/C No.30883445453) നീക്കിയിരിപ്പ് ₹2,01,29,507 അവശേഷിക്കുന്നു. ആയത് ഉചിതമാർഗ്ഗേന തിരിച്ചടക്കേണ്ടതാണ്.

## 3-29 എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രോജക്റ്റിന്റെ പേരും, നമ്പരും- എ.ബി.സി പ്രോഗ്രാം, 341/17

ചെലവ്-₹500000 {Bill No.030/1401110/18-03-2017(പ്ലാൻ ഫണ്ട്-ജനറൽ)}

നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

2016-17 വർഷത്തിൽ നടപ്പിലാക്കിയ എ.ബി.സി പ്രോഗ്രാം പ്രകാരം ₹500000 ട്രഷറിയിൽ പിൻവലിച്ച് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും തുക ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫണ്ട് വിനിയോഗം സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 125/17-പൈപ്പ്ലൈൻ നീട്ടൽ<br>ആകെ - 800000 | 13/ 17-1-2017<br>17/ 8-2-2017<br>63/ 13-3-2017 | 279000<br>320625<br>200375 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | | |
| | 346/17-കുടിവെള്ളപദ്ധതി<br>ആകെ - 200000 | 90/ 24-3-2017<br>93/24-3-2017 | 100000<br>100000 | | | |
| | 334/17-എസ്.സി കുടിവെള്ളപദ്ധതി | 65/13-3-2017 | 500000 | | | |
| | 272/17-പൈപ്പ് ലൈൻ നീട്ടൽ | 24/28-2-2017 | 500000 | | | |
| | 325/17-കുടിവെള്ളപദ്ധതികൾ | 27/7-3-2017 | 1574484 | | | |
| വൈദ്യുതി ബോർഡ് | 124/17-സ്ട്രീറ്റ് ലൈൻ നീട്ടൽ<br>ആകെ - 545731 | 14/17-1-2017<br>19/20-2-2017 | 402451<br>143280 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | | |
| | 134/17-എസ്.സി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ<br>ആകെ -500000 | 16/9-2-2017<br>25/28-2-2017 | 11700<br>488300 | | | |
| | 354/17-സമ്പൂർണ്ണ വൈദ്യുതീകരണം | 117/3-3-2017 | 200000 | | | |
| | 353/17-വൈദ്യുതി ലൈൻ നീട്ടൽ | 118/30-3-2017 | 100000 | | | |
| | 127/17-പോസ്റ്റ് ഷിഫ്റ്റിംഗ്<br>ആകെ - 500000 | 18/8-2-2017<br>20/28-2-2017 | 68284<br>431716 | | | |
| ആകെ | | | 5420215 | | | |

## **4-3** <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | പൊതുവായ പരാമർശങ്ങൾ | 2003-04 | ഖ.6.12 ന ശേഷമുള്ള പട്ടിക | സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- മൺപാത്ര വ്യവസായം.<br>25 മോട്ടോറുകൾ വിതരണം ചെയ്തില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണ നയിൽ |
| | | | | വനിതാ വ്യവസായ സംഘത്തിന് അനധികൃതമായി മുൻകൂർ നൽകി.<br>754000 രൂപ മുതലും 327990 രൂപ പലിശയും ഉൾപ്പെടെ ആകെ 1081990 രൂപ തിരിച്ചടക്കണം. | |
| | | | | കമ്പ്യൂട്ടർ പരിശീലനം- നഗരസഭ അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാതിരുന്ന 5 പേർക്ക് പരിശീലനം നൽകി. | |
| | | | | പട്ടികജാതിക്കാർക്ക് കൃഷഭൂമി വാങ്ങിയത്- അനധികൃത സബ്സിഡി 3.75 ലക്ഷം രൂപ. | |
| | | | | തൃപ്പറ്റക്കാവ് പന്തലാക്കൽ കോളനി റോഡ്- കരാറുകാരന് 10137 രൂപ അധികം നൽകി. | |

| | | | | | |
|---|---|---|---|---|---|
| | | | | പട്ടികജാതിക്കാർക്ക് കൃഷഭൂമി വാങ്ങിയത്- അനധികൃത സബ്സിഡി 124250 രൂപ. | |
| 2015-16 | അവലോകനം | 2015-16 | അധ്യായം 3 പ്രവർത്തനക്ഷമതാ റിപ്പോർട്ട് | പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 154834614 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 149766779 |
| വരവിനങ്ങളിലുള്ള നഷ്ടം | 6900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 437832 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 6900 | - | ശ്രീ.സജി.എൽ.എസ്, സെക്രട്ടറി |
| 3-5 | - | 32000 | ശ്രീ.വി.ഗോവിന്ദരാജ്, കൃഷി ഓഫീസർ |
| ആകെ | 6900 | 32000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ<br>ആളുടെ പേരും<br>ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 11340 | ഡോ.സുമി പൗലോസ്, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-13 | 6492 | ശ്രീ.സി.ഫ്രാൻസിസ് വർഗ്ഗീസ്, മുനിസിപ്പൽ എഞ്ചിനിയർ |
| 3-16 | 20000 | ശ്രീ.വേലായുധൻ.സി, പട്ടികജാതി വികസന ഓഫീസർ |
| 3-27 | 400000 | ശ്രീ.അബ്ദുൾനാസർ.സി.കെ, പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ |
| ആകെ | 437832 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 3-25
WBNP (Wheat Based Nutrition Programme) പ്രകാരം അങ്കണവാടികളിൽ ഗോതമ്പ്എത്തിച്ചതിൽ കുറവ്

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജി.എൽ.എസ്, സെക്രട്ടറി | സെക്രട്ടറി, കായംകുളം നഗരസഭ | ഉഷസ് ഭവൻ, പട്ടത്തിക്കുളം, കാഞ്ഞിരംകുളം തിരുവനന്തപുരം |
| ശ്രീ.വി.ഗോവിന്ദരാജ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഷൊർണ്ണൂർ നഗരസഭ | ശ്രീമതി. ഗോവിന്ദരാജ്.വി, ആനകുറ്റിപ്പാറ വീട്, പെരുങ്കുന്നം (പി.ഒ), പാലക്കാട്-678702 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF.P22/2197/12/6.3.2013 | അനന്തരക്കുറിപ്പ് |
| 1997-98 | LF.P22/2199/12/6.3.2013 | " |
| 1998-99 | LF.P22/1186(1)/13/21.1.2015 | " |
| 1999-2000 | LF.P8/219/12/2.6.2012 | " |
| 2000-01 | LF.P22/1186(1)/13/21.1.2015 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2001-02 | LF.P8/221/12/21.3.2012 | ഫർദർ റിമാർക്സ് |
| 2002-03 | LF.P8/222/12/29.3.2012 | " |
| 2003-04 | LF.P8/223/12/6.2.2012 | " |
| 2004-05 | LF.P8/224/12/15.5.2012 | " |
| 2005-06 | LF.P22/1242/13/15.5.2012 | " |
| 2006-07 | LF.P22/1980/13/6.8.2014 | " |
| 2007-08 | LF.P22/1980/13/6.8.2014 | " |
| 2008-09 to 2010-11 | L.P22/765/13/5.12.2014 | ഫർദർ റിപ്പോർട്ട് |
| 2011-12 | LF.P22/1334/15/7.11.2015 | സർചാർജ്ജ് ശുപാർശ |
| 2012-13 | KSA-PKD22/75/14.9.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | KSA-PKD22-1164/16/22.7.2016 | " |
| 2015-16 | KSA-PKD22-156/17/13.2.2017 | " |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി.22/2009/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി-17-11-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള മുൻസിപ്പാലിറ്റി അക്ടിലെ 295(4) -ാം വകുപ്പ്, 2007 ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ, 2007ലെ കേരള മുനിസിപ്പൽ (അക്കൗണ്ട്സ്) റൂൾസ് എന്നിവ പ്രകാരവും, മുനിസിപ്പൽ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഷൊർണ്ണൂർ നഗരസഭ 1994 ലെ കേരള മുൻസിപ്പാലിറ്റി അക്ടിലെ 295(4) -ാം വകുപ്പ്, 2007 ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ, 2007ലെ കേരള മുനിസിപ്പൽ (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
3. തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
4. ഡി&ഒ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
5. വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

6. പരസ്യനികുതി, ബസ് സ്റ്റാന്റ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീസ്, വാടക എന്നിവയുടെ രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.
7. പി.എം.ഏ.വൈ, എസ്.ജി.എസ്.വൈ അക്കൗണ്ടുകളിലെ വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല
8. താഴെ പറയുന്ന അക്കൗണ്ടുകൾ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| Bank | Account No. | Closing Balancd | |
|---|---|---|---|
| | | As per AFS | As per Bank pass book |
| Punjab National Bank | 4302001100000025 | 2646501 | 460000 |
| | 430200010007515 | 1894799 | 1780000 |
| | 4302001100000034 | 640360 | |
| | 4302001100000043 | 1709553 | 150739 |
| State Bank of Travancore | 67313223903 | 692362 | 48382 |

9. ഉപയോഗത്തിലില്ലാത്ത താഴെ പറയുന്ന അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.

| ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.17-ലെ നീക്കിയിരിപ്പ് |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എം എൻ ലക്ഷം വീട് | 30698536690 | 386253 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബി ആർ ജി എഫ് | 30425655293 | 433795 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ- സെൻസസ് | 6712374135 | 150677 |
| സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് (S S A) | 4250 | 1105925 |
| പഞ്ചാബ് നാഷണൽ ബാങ്ക് | 4302001100000043 | 1709553 |
| എച്ച് ഡി എഫ് സി ബാങ്ക് (Sanitation programme) | 2348145600000046 | 745033 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD22/2009/2017

Kerala State Audit Department
District Audit Office
Palakkad
Date – 17-11-2017

## Audit Certificate

Certified that I have examined the Annual Financial Statement of SHORNUR MUNICIPALITY in Palakkad District for the year 2016-17 in accordence with section 4 of the Kerala Local Fund Audit Act 1994, section 295(4) of the Kerala Municipality Act-1994, Kerala Municipal Accounts Manual 2007, Kerala Municipality (Accounts) rules 2007, and the giudlines issued by the Comptroller and Auditor General of India for the Certification of Accounts of Municipal councils.

In my opinion the financial statements of SHORNUR MUNICIPALITY prepared in accordence with Section section 295(4) of the Kerala Municipality Act-1994, Kerala Municipal Accounts Manual 2007, Kerala Municipality (Accounts) rules 2007 for the year 2016-2017, properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Senior Deputy Director

## Abstract of Defects

1. Asset value not updated and linked with Sankhya.
2. Property Tax demand register not completed. Abstract not prepared.
3. Profession Tax demand register not completed. Abstract not prepared.
4. D & O Licence-demand register not completed. Abstract not prepared.
5. Entertainment tax demand register is incomplete. Abstract not prepared.
6. Demand & Collection recorded in Demand Registers of Advertisement tax, Rent, Bus stand fee & comfort station does not match with AFS.
7. Receipt & payment details of PMAY, SJSRY accounts not included in AFS.
8. The following Bank Accounts are not reconciled with bank book.

| Bank | Account No. | Closing Balancd | |
|---|---|---|---|
| | | As per AFS | As per Bank pass book |
| Punjab National Bank | 4302001100000025 | 2646501 | 460000 |
| | 430200010007515 | 1894799 | 1780000 |
| | 4302001100000034 | 640360 | |
| | 4302001100000043 | 1709553 | 150739 |
| State Bank of Travancore | 67313223903 | 692362 | 48382 |

9. The following unused accounts not closed.

| Bank | Account Number | Closing balance as on 31.03.17 |
|---|---|---|
| SBI<br>MN Laksham veedu | 30698536690 | 386253 |
| SBI<br>BRGF | 30425655293 | 433795 |
| SBT<br>Sensus | 6712374135 | 150677 |
| SMGB<br>S S A | 4250 | 1105925 |
| PNB | 4302001100000043 | 1709553 |
| HDFC<br>Sanitation programme | 2348145600000046 | 745033 |

Senior Deputy Director